# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കീരമ്പാറ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി.14)1794/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 13/12/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കീരമ്പാറ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കീരമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കീരമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി.14)1794/2023 തീയ്യതി: 13/12/2023

## എറണാകുളം ജില്ലയിലെ കീരമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ കീരമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 28-11-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ബിന്ദു എസ്. നായർ | ഡെപ്യൂട്ടി ഡയറക്ടർ | 23-11-2023 | 28-11-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 23-11-2023 | 28-11-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

അജിമോൻ പി.പി. ഓഡിറ്റ് ഓഫീസർ

ഹരീഷ് ബാബു എൻ. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

സജീവ് എൻ.എം. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

അനീഷ് ആർ. ഓഡിറ്റർ

ടിനു കെ.ജെ. ഓഡിറ്റർ

കിരൺ കെ.എസ്. ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.വി.സി.ചാക്കോ | പ്രസിഡന്റ് | 01-04-2022 | 25-11-2022 |
| ശ്രീമതി.ബീന റോജോ | പ്രസിഡന്റ് | 26-11-2022 | 11-12-2022 |
| ശ്രീ.മാമച്ചൻ ജോസഫ് | പ്രസിഡന്റ് | 12-12-2022 | 31-03-2023 |
| ശ്രീമതി. ജയശ്രീ ആർ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.നസീമ ഇ.എം. | അസി.എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീ.ബോസ് മത്തായി | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.നിയാസ് എം. | എച്ച്.എം.ഗവ.എൽ.പി.എസ്.പുന്നേക്കാട് | 01-04-2022 | 31-03-2023 |
| ഡോ.ലിൻസി നൈനാൻ | മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി | 01-04-2022 | 31-03-2023 |
| ഡോ.രേണ | മെഡിക്കൽ ഓഫീസർ - ആയുർവേദം | 01-04-2022 | 31-03-2023 |
| ഡോ.നിർമ്മല പ്രതാപ് | മെഡിക്കൽ ഓഫീസർ -ഹോമിയോ | 01-04-2022 | 29-08-2022 |
| ഡോ.വിജിത | മെഡിക്കൽ ഓഫീസർ -ഹോമിയോ | 30-08-2022 | 31-03-2023 |
| ശ്രീ.ഷൈജു ആർ. | വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീ.ബിനിൽ സി. മോഹൻ | വി.ഇ.ഒ.നാട്ടുകാണി | 01-04-2022 | 30-04-2022 |
| ശ്രീമതി.രുക്സാന മൈതീൻ | വി.ഇ.ഒ.നാട്ടുകാണി | 01-05-2022 | 05-11-2022 |
| ശ്രീ.ബാവാസ് എം.എം. | വി.ഇ.ഒ.നാട്ടുകാണി | 06-11-2022 | 31-03-2023 |
| ശ്രീ.അരുൺ എസ്.നായർ | വി.ഇ.ഒ.കീരമ്പാറ | 01-04-2022 | 04-05-2022 |

| | | | |
|---|---|---|---|
| ശ്രീ.ജോമിറ്റ് തോമസ് | വി.ഇ.ഒ.കീരമ്പാറ | 05-05-2022 | 26-07-2022 |
| ശ്രീ.രതീഷ് കെ.കെ. | വി.ഇ.ഒ.കീരമ്പാറ | 27-07-2022 | 04-11-2022 |
| ശ്രീ.ലിനോജ് എൽ.വിൽസ് | വി.ഇ.ഒ.കീരമ്പാറ | 05-11-2022 | 31-03-2023 |
| ശ്രീമതി.മെറിമ ജോസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ഹസീന കെ.എച്ച്. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ.എ.ബി.മൈതീൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അഡ്വാൻസ് തുകയുടെ വിശദവിരം ലഭ്യമല്ല. | 1-1-1 |
| 3 | വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | ഡെപ്പോസിറ്റുകളുടെ വിശദവിവരം ലഭ്യമല്ല. | 1-1-3 |
| 5 | ബജറ്റ് | 1-2 |
| 6 | സാമ്പത്തിക വിശകലനം | 1-3 |
| 7 | ഫണ്ട് വിനിയോഗം | 1-4 |
| 8 | പദ്ധതി അവലോകനം | 1-5 |
| 9 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 10 | ക്ഷേമ പദ്ധതികൾ | 1-7 |
| 11 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 12 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 13 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 14 | തനതു വരുമാനം - അവലോകനം | 1-11 |
| 15 | തൊഴി**ൽ** നികുതി - അപാകതകൾ | 1-12 |
| 16 | ലേലം തുടർനടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ് | 1-13 |
| 17 | വനം വകുപ്പിന്റെ വഴി ഉപയോഗിക്കുന്നതിനുള്ള NOC ഇല്ലാതെ പെർമ്മിറ്റ് അനുവദിച്ചു. | 1-14 |
| 18 | ദേശാടന പക്ഷികൾ തങ്ങുന്ന ജലാശയങ്ങൾക്ക് സമീപം പൌൾട്രി ഫാമിന് പെർമ്മിറ്റ് അനുവദിച്ചു | 1-15 |
| 19 | ജി.എസ്.ടി ഉൾപ്പെടാത്ത ബിൽ മുഖേന വാങ്ങൽ നടത്തി | 1-16 |
| 20 | തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ്-സർക്കാർ നിർദേശം പാലിച്ചിട്ടില്ല | 1-17 |
| 21 | തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല | 1-18 |
| 22 | വിട്ട് കിട്ടിയ ഭൂമി പോക്കുവരവ് ചെയ്ത് ആസ്തിയിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-19 |
| 23 | പൊതുടാപ്പുകളുടെ വെള്ളക്കരം-അപാകതകൾ | 1-20 |
| 24 | വായനശാലക**ൾ**ക്ക് പത്രങ്ങളും, ആനുകാലികങ്ങളും വാങ്ങ**ൽ** – അപാകതക**ൾ** | 1-21 |
| 25 | ഡയാലിസിസ് രോഗികൾക്കുള്ള ധനസഹായം ജില്ലാ പഞ്ചായത്തിന് വിഹിതം നൽകിയത്-വിനിയോഗ വിവരം ഇല്ല | 1-22 |
| 26 | വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല(പി എം എ വൈ) | 1-23 |

| | | |
|---|---|---|
| 27 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല(കേരള വാട്ടർ അതോറിറ്റി) | 1-24 |
| 28 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല(എസ് എസ് കെ) | 1-25 |
| 29 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല(ഐ കെ എം) | 1-26 |
| 30 | ഡെപ്പോസിറ്റ് തുകകൾ മുതൽക്കൂട്ടിയിട്ടില്ല | 1-27 |
| 31 | ക്രൂസിന് വാർഷിക വരിസംഖ്യ നൽകുന്ന -ഗ്രാമപഞ്ചായത്തിന് പ്രയോജനമൊന്നും ലഭിക്കുന്നില്ല | 1-28 |
| 32 | വരൾച്ചാ ബാധിത മേഖലകളിൽ കുടിവെള്ള വിതരണം-അപാകതകൾ | 1-29 |
| 33 | ഇ-ഓട്ടോ അപാകതകൾ | 1-30 |
| 34 | പാലിയേറ്റീവ് വാഹനത്തിന്റെ ചെലവുകൾ പദ്ധതി ചെലവിൽ നിന്നും നൽകി | 1-31 |
| 35 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് ലഭിച്ചില്ല | 1-32 |
| 36 | ക്രമീകരിക്കപ്പെടാത്ത 37.76 ലക്ഷം രൂപയുടെ നിക്ഷേപ പ്രവൃത്തികൾ | 1-33 |
| 37 | എർത്ത് വർക്ക് എസ്കവേഷൻ-അപാകത | 1-34 |
| 38 | മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാതെ തുടരുന്നു. | 1-35 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികളുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1.കേരള പഞ്ചായത്ത് രാജ് ആക്ട് 1994-ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 07.07.2023 ലെ 2 9/1-ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 18.07.2023-ാം തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കീരമ്പാറ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2.C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3.എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കീരമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: എറണാകുളം

തീയതി:13/12/2023 ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 അഡ്വാൻസ് തുകയുടെ വിശദവിവരം ലഭ്യമല്ല.

460500499 ശീർഷകത്തിൽ ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന അഡ്വാൻസ് ₹7623 രൂപയുടെയും 460100199ശീർഷകത്തിൽ ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന അഡ്വാൻസ് ₹33120 രൂപയുടെയും വിശദവിവരം ലഭ്യമല്ല.

### 1-1-2 വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല

വസ്തുനികുതി ഡി.സി.ബി. കണക്കുകൾ സഞ്ചയ സോഫ്റ്റ് വെയർ സ്റ്റേറ്റ്മെന്റും വാർഷികകണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-3 ഡെപ്പോസിറ്റുകളുടെ വിശദവിവരം ലഭ്യമല്ല.

ആസ്തി ബാദ്ധ്യത കണക്കിലെ ബി.7 ഷെഡ്യൂളിലെ നീക്കിയിരുപ്പായ ₹279416 രൂപ ഡെപ്പോസിറ്റ് രജിസ്റ്ററിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-2 ബജറ്റ്

കീരമ്പാറ ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള കരട് ബജറ്റ് എസ്റ്റിമേറ്റ് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ 16.03.2022 ലെ IV -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് പഞ്ചായത്ത് കമ്മിറ്റിക്ക്

സമർപ്പിച്ചിട്ടുണ്ട്. ആയത് 19.03.2022 ലെ 1 /1-ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് പാസ്സാക്കിയിട്ടുണ്ട്.

ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ 07.03.2023 ലെ III-ാം നമ്പർ തീരുമാനപ്രകാരം ബജറ്റ് റിവൈസ് ചെയ്ത് അംഗീകരിച്ചത് പഞ്ചായത്ത് കമ്മിറ്റി 08.03.2023 ലെ 3(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

| | ബജറ്റ് എസ്റ്റിമേറ്റ് (തീരുമാനം 1/1 തീയതി 19.03.2022) | റിവൈസ്ഡ് ബജറ്റ് എസ്റ്റിമേറ്റ് (തീരുമാനം 3/1 തീയതി 08.03.2023) |
|---|---|---|
| മുന്നിരുപ്പ് | -₹2,07,42,597 | -₹2,07,42,597 |
| വരവ് | ₹17,28,82,433 | ₹17,55,58,734 |
| ചെലവ് | ₹14,96,84,333 | ₹15,29,37,602 |
| നീക്കിയിരുപ്പ് | ₹24,55,503 | ₹18,78,535 |

കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 214 ൽ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ബജറ്റ് നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും സർക്കാർ അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും വിധേയമായി തയ്യാറാക്കുന്നതിനും ആയതിന് അനുമതി നൽകുന്നതിനും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ബജറ്റ് ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരുപ്പ് | : | ₹65,24,770 |
| ഓഡിറ്റ് വർഷത്തെ വരവ് | : | ₹2,99,25,795 |
| ആകെ | : | ₹3,64,50,565 |
| ഓഡിറ്റ് വർഷത്തെ ചെലവ് | : | ₹2,71,81,286 |
| നീക്കിയിരുപ്പ് | : | ₹92,69,279 |

ഓഡിറ്റ് വർഷത്തെ ആകെ വരവ് ആകെ ചെലവ് എന്നിവ വാർഷിക ധനകാര്യപത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് അക്കൌണ്ടിൽ നിന്നും എടുത്തിട്ടുള്ളതാണ്. ഈ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത വരവുകൾ തുടർന്നു വരുന്ന ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ചെലവഴിക്കാതെ ലാപ്സായ തുക | നീക്കിയിരുപ്പ് തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | - | ₹1,40,01,000 | ₹1,40,01,000 | ₹1,26,27,654 | ₹13,73,346 | - |
| വികസന ഫണ്ട് (എസ്.സി.പി) | - | ₹42,40,000 | ₹42,40,000 | ₹38,75,535 | ₹3,64,465 | - |
| വികസന ഫണ്ട് (ടി.എസ്.പി) | - | - | - | - | - | - |
| സംരക്ഷണഗ്രാന്റ് (റോഡ്) | - | ₹93,99,000 | ₹93,99,000 | ₹71,24,922 | ₹22,74,078 | - |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | - | ₹45,70,000 | ₹45,70,000 | ₹41,69,466 | ₹4,00,534 | - |

| | | | | | | |
|---|---|---|---|---|---|---|
| ധനകാര്യകമ്മീഷൻ അവാർഡ്(Basic Grant) Bank | ₹8,42,458 | ₹1985000 +Int 99583 ₹2084583 | ₹29,27,041 | ₹23,12,002 | - | ₹6,15,039 |
| ധനകാര്യകമ്മീഷൻ അവാർഡ്(Basic Grant) Tresury | - | ₹4,01,802 | ₹4,01,802 | ₹3,30,856 | ₹70,946 | - |
| ധനകാര്യകമ്മീഷൻ അവാർഡ്(Tied) Bank | ₹14,37,000 | ₹29,77,000 | ₹44,14,000 | ₹33,30,361 | - | ₹10,83,639 |
| ധനകാര്യകമ്മീഷൻ അവാർഡ്(Tied) Treasury | - | ₹2,14,303 | ₹2,14,303 | ₹1,35,000 | ₹79,303 | - |
| 320100196 ഐ.സി.ഡി.എസ്. | ₹8,05,907 | ₹8,19,070 | ₹16,24,977 | ₹2,90,572 | - | ₹13,34,405 |
| 320100198 ശുചിത്വ മിഷൻ | ₹1,41,505 | - | ₹1,41,505 | ₹1,30,000 | - | ₹11,505 |
| 320100202 ഹെൽത്ത് ഗ്രാന്റ് - ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ | - | ₹2,39,946 | ₹2,39,946 | ₹2,31,311 | - | ₹8,635 |
| 320100204 ഹെൽത്ത് ഗ്രാന്റ് - വെൽനെസ് സെന്റർ | - | ₹1,11,700 | ₹1,11,700 | ₹1,10,000 | - | ₹1,700 |
| 320200304 ഖരമാലിന്യ സംസ്കരണം | ₹8,53,671 | - | ₹8,53,671 | - | - | ₹8,53,671 |
| 320200399 ലൈഫ് പദ്ധതി | ₹1,79,860 | ₹24,00,000 | ₹25,79,860 | ₹13,90,000 | - | ₹11,89,860 |
| 320300103 ടോട്ടൽ സാനിട്ടേഷൻ | ₹6,71,386 | - | ₹6,71,386 | - | - | ₹6,71,386 |
| 320300199 അതർ ഗവ.ഏജൻസി | ₹8,456 | - | ₹8,456 | - | - | ₹8,456 |

*കുറിപ്പ്:*

- *വികസന ഫണ്ട് ജനറൽ വരവിലും ചെലവിലും ഉത്ഭവത്തിൽ കുറവ് ചെയ്ത് ജി.ഒ. പ്രോജക്ട് പ്രകാരം ക്രമീകരിച്ച ₹24,52,936ഉൾപ്പെടുന്നുണ്ട്. ആകെ ചെലവ് ₹1,16,45,688 റവന്യൂ ചെലവും ₹9,81,966 മൂലധന ചെലവും ഉൾപ്പെടുന്നതാണ്.*
- *വികസന ഫണ്ട് എസ്.സി.പി. വരവിലും ചെലവിലും ഉത്ഭവത്തിൽ കുറവ് ചെയ്ത് ജി.ഒ. പ്രോജക്ട് പ്രകാരം ക്രമീകരിച്ച ₹6,39,209ഉൾപ്പെടുന്നുണ്ട്.*
- *സി.എഫ്.സി. ബേസിക് ടാക്സ് ഗ്രാന്റ് ചെലവ്, ₹ 6,73,066 റവന്യൂ ചെലവും ₹19,69,792 മൂലധന ചെലവും ഉൾപ്പെടുന്നതാണ്.*
- *സി.എഫ്.സി. ടൈഡ് ഗ്രാന്റ് ചെലവ്, ₹ 33,30,361 റവന്യൂ ചെലവും ₹1,35,000 മൂലധന ചെലവും ഉൾപ്പെടുന്നതാണ്.*

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | പൂർണ്ണമായി നടപ്പാക്കിയത്. എണ്ണം | ഭാഗികമായി നടപ്പാക്കിയത്. എണ്ണം | നടപ്പാക്കാത്തവ. എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 156 | ₹83500823 | ₹41544265 | 87 | 29 | 40 | 55.77% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 0 | ₹11,53,187 | ₹11,53,187 | ₹11,53,187 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | - | ₹1,35,41,759 | ₹1,35,41,759 | ₹1,35,41,759 | 0 |
| ആകെ | 0 | ₹1,46,94,946 | ₹1,46,94,946 | ₹1,46,94,946 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതി യുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെഎണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0.00 | 0 |
| കർഷകതൊഴിലാളി പെൻഷൻ | ₹19,53,200 | 143 |
| വിധവാപെൻഷൻ | ₹57,59,800 | 471 |
| വാർദ്ധക്യകാല പെൻഷൻ | ₹1,08,73,800 | 855 |
| വികലാംഗപെൻഷൻ | ₹20,76,000 | 153 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | ₹6,63,000 | 53 |
| വിധവകളുടെ പെൾമക്കളുടെ വിവാഹ ധനസഹായം | ₹30,000 | 1 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.11.2023 തീയതിയിൽ ഉച്ചയ്ക്ക് 3.30 സമയത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തി. ക്യാഷ് ബാലൻസ് ₹38,956 ന്റെ കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. പഞ്ചായത്ത് ആർജിച്ചതും കൈമാറി കിട്ടിയതുമായ എല്ലാ ആസ്തികളും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
2. ഓഫീസിലെ എല്ലാ സെക്ഷനുകളും തൻപതിവേട്ടുകൾ എഴുതുന്നില്ല. ഇക്കാര്യത്തിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്) വകുപ്പിന്റെ 12.02.2021 ലെ നം. റൂൾസ്.2/22/2020/ഉ.ഭ.പ.വ സർക്കുലർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.
3. സ്റ്റോക്ക് രജിസ്റ്ററുകൾ ഉൾപ്പെടെ എല്ലാ രജിസ്റ്ററുകളും തുടർച്ചയായും, വോല്യം നമ്പർ നൽകിയും സൂക്ഷിക്കേണ്ടതാണ്.
4. ഗ്രാമ പഞ്ചായത്തിന്റെ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് ക്രിയാത്മകമായ നിർദ്ദേശങ്ങളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ ചർച്ച ചെയ്യപ്പെടുന്നില്ല.
5. കെട്ടിടങ്ങളുടെ മുഴുവൻ വിസ്തീർണ്ണവും പരിഗണിക്കാതെ നികുതി നിർണ്ണയിക്കുന്നതിനാൽ വരുമാന നഷ്ടം സംഭവിക്കുന്നു.
6. കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.
7. വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കുന്നതിന് മുൻപ് വിശദമായി പരിശോധിച്ച് കൃത്യത ഉറപ്പാക്കുകയും എല്ലാ രജിസ്റ്ററുകളും കാലികമാക്കി സാക്ഷ്യപ്പെടുത്തുകയും വേണം.
8. സ്റ്റാന്റിങ് കമ്മറ്റികൾ നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. ഗ്രാമ പഞ്ചായത്ത് കമ്മറ്റി കൂടുന്നതിന്റെ മിനുട്സ് സകർമ്മയിൽ ചേർക്കുന്നുണ്ട്.
9. കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുമ്പോൾ സർക്കാർ ഉത്തരവ് പാലിക്കേണ്ടതാണ്.
10. കെട്ടിട നിർമ്മാണത്തിന് അനുമതി നൽകുമ്പോഴും വ്യാപാരങ്ങൾക്കും സംരംഭക ലൈസൻസ് അനുവദിക്കുമ്പോൾ ചട്ടങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കണം. നികുതികൾ ഡിമാന്റ് ചെയ്യുന്നതും പിരിച്ചെടുക്കുന്നതും കാര്യക്ഷമമാവണം.
11. സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ അതാത് വർഷം തന്നെ പൂർണ്ണമായി വിനിയോഗിച്ച് ഗ്രാമ പഞ്ചായത്തിന്റെ വികസനം ഉറപ്പാക്കണം. ഇതിനായി പദ്ധതി രൂപീകരണം മുതൽ സമയക്രമം പാലിക്കേണ്ടതുണ്ട്. പദ്ധതി മാർഗരേഖയിലും ഗ്രാമപഞ്ചായത്തുകളുടെ ബഡ്ജറ്റ് തയ്യാറാക്കുന്നതിനായി സർക്കാർ അംഗീകരിച്ച മാർഗരേഖയിലും പറഞ്ഞിട്ടുള്ള സമയക്രമം പാലിച്ചുകൊണ്ടുള്ള നടപടികൾ വരും വർഷങ്ങളിൽ ഉണ്ടാവണം.
12. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ 1997ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളും പദ്ധതി മാർഗരേഖയിലെ വ്യവസ്ഥകളും പാലിക്കണം.
13. തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായമാക്കിയാൽ കറന്റ് ചാർജ് വീണ്ടും കുറയുമെന്നുള്ളതിനാൽ ഇവ മീറ്റേഡ് സമ്പ്രദായത്തിലാക്കാൻ ശ്രമിക്കേണ്ടതാണ്.
14. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന് വാർഷികാവശ്യങ്ങളെ തിട്ടപ്പെടുത്തിയുള്ള പ്രൊക്യുർമെന്റ് പ്ലാനും ബജറ്റും തയ്യാറാക്കാതെ, ഒരോ നിർവ്വഹണോദ്യോഗസ്ഥനെയും വാങ്ങലിന് ചുമതലപ്പെടുത്തുന്ന രീതിയാണുള്ളത്.
15. വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ഗുണഭോക്താക്കളുടെ മരണശേഷവും വിതരണം ചെയ്യുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.02.2021 | ഏപ്രിൽ 2020 – ഡിസംബർ 2020 | 03.11.2021 |
| അക്കൌണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.10.2018 മുതൽ 02.11.2018 വരെ | 2013-14 മുതൽ 2017-18 വരെ | 30.11.2018 |

## 1-11 തനതു വരുമാനം - അവലോകനം

കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്ന് ലഭിക്കുന്ന വിഹിതങ്ങളും ധനസഹായങ്ങളും, നികുതി നികുതിയേതര തനതു സ്രോതസ്സുകളുമാണ് ഗ്രാമ പഞ്ചായത്തുകളുടെ വരുമാന മാർഗ്ഗങ്ങൾ. 2022-23 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി കീരമ്പാറ ഗ്രാമപഞ്ചായത്തിലെ നികുതി പിരിവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കയുണ്ടായി. അതു സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

അടിസ്ഥാന വിവരങ്ങൾ

ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമാക്കിയ വിവരങ്ങൾ, സഞ്ചയ സോഫ്റ്റ് വെയറിലെ കണക്കുകൾ എന്നിവ പ്രകാരം കീരമ്പാറ ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലായി നിലവിൽ നിയമാനുസൃതം

നിർമ്മിക്കപ്പെട്ട് പാർപ്പിടാവശ്യത്തിനായി ഉപയോഗിക്കുന്ന 4444 കെട്ടിടങ്ങളും, പാർപ്പിടേതര ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന 1186 കെട്ടിടങ്ങളുമാണുള്ളത്. സഞ്ചയ പ്രകാരം അനധികൃതമായി നിർമ്മിക്കപ്പെട്ടിട്ടുള്ളതും യു.എ. നമ്പർ നൽകി നികുതി ചുമത്തി വരുന്നതുമായ 7 കെട്ടിടങ്ങളും ഗ്രാമപഞ്ചായത്തിൽ ഉണ്ട്.

നികുതി പിരിവ്

ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ റിവൈസ്ഡ് ബഡ്ജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വസ്തുനികുതി വരവ് ₹24,00,000/- രൂപയും ഈയിനത്തിലെ യഥാർത്ഥ വരവ് ₹21,23,255/- രൂപയുമാണ്.

2022-23 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം പിരിച്ചെടുക്കാൻ ബാക്കിയുള്ള വസ്തുനികുതിയുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട വിഭാഗം | തുക |
|---|---|---|
| 1 | റസിഡൻഷ്യൽ (കറന്റ്) | 61811 |
| 2 | റസിഡൻഷ്യൽ(അരിയർ) | 10733 |
| 3 | നോൺ റസിഡൻഷ്യൽ(കറന്റ്) | 154953 |
| 4 | നോൺ റസിഡൻഷ്യൽ(അരിയർ) | 274477 |
| ആകെ | | 5,01,974 |

ആയത് പിരിച്ചെടുക്കുന്നതിന് പഞ്ചായത്ത് ഭരണസമിതി നടപടി സ്വീകരിക്കേണ്ടതാണ്.

വസ്തുനികുതി പുതുക്കി നിശ്ചയിക്കൽ

സ.ഉ 25/2023/തസ്വഭവ ; 05.04.2023 പ്രകാരം ഗ്രാമപഞ്ചായത്തുകളിലെ വിവിധ ഇനം കെട്ടിടങ്ങൾക്കും അതിന്റെ ഉപവിഭാഗങ്ങൾക്കുമുള്ള അടിസ്ഥാന വസ്തു നികുതി നിരക്കിന്റെ കുറഞ്ഞതും കൂടിയതുമായ പരിധി നിർണ്ണയിച്ച് സർക്കാർ വിജ്ഞാപനം ഇറക്കിയിട്ടുണ്ട്. ആയതുപ്രകാരം 07.07.2023 തീയതിയിലെ 27(1)-ാം നമ്പർ തീരുമാന പ്രകാരം വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

പ്രാഥമിക മേഖല, ദ്വിതീയ മേഖല, തൃതീയ മേഖല എന്നിവ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ദ്വിതീയ മേഖല, തൃതീയ മേഖല എന്നിവയിൽ ഉൾപ്പെടുന്ന കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതിയിൽ യഥാക്രമം 10%, 20% എന്നിങ്ങനെ ഇളവുള്ളതിനാൽ കൂടുതൽ മേഖലകളെ പ്രാഥമിക മേഖലയിൽ ഉൾപ്പെടുത്തുന്നത് വരുമാന വർദ്ധനവിന് കാരണമാകും.

സഞ്ചയ പരിശോധിച്ചതിൽ 2022-23 സാമ്പത്തിക വർഷം വരെ നിർമ്മാണം പൂർത്തിയാക്കി നമ്പറിംഗ് നടത്തിയിട്ടുള്ള പഞ്ചായത്തിലെ കെട്ടിടങ്ങളുടെ വസ്തുനികുതിയിൽ 5% വർദ്ധനവ് പ്രാബല്യത്തിൽ വന്നിട്ടുണ്ട്.

കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ് വെയറിൽ ചേർത്ത് ആയതിന്റെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ നികുതി പുനർനിർണ്ണയിക്കുന്നതിനാവശ്യമായ വിവരശേഖരണം നടത്തുന്നതിനും ഡാറ്റാ എൻട്രി നടത്തുന്നതിനും ഡിപ്ലോമ (സിവിൽ എഞ്ചിനീയറിങ്ങ്), ഐ.ടി.ഐ ഡ്രാഫ്റ്റ്സ്മാൻ(സിവിൽ), ഐ.ടി.ഐ സർവ്വേയർ എന്നീ യോഗ്യതയിൽ കുറയാത്തവരെ നിയമിക്കാവുന്നതാണെന്ന് നികുതി പരിഷ്കരണം സംബന്ധിച്ച സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ആയതുമായി ബന്ധപ്പെട്ട് 31.08.2023 തീയതിയിൽ പത്രങ്ങളിൽ പരസ്യം നൽകിയെങ്കിലും അപേക്ഷകൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല. ആയതിനാൽ പഞ്ചായത്തിന്റെ നികുതി പരിഷ്ക്കരണത്തിനുള്ള നടപടികൾ നാളിതുവരെയായും ആരംഭിക്കാനായിട്ടില്ല.

പോസ്റ്റ് ഒക്യൂപ്പൻസി ഓഡിറ്റ്

കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 (G.O.(P) No.78/2019/LSGD/2.11.2019) ലെ ചട്ടം 21 പ്രകാരം ഗ്രാമ പഞ്ചായത്തിൽ പെർമിറ്റ് നൽകി, ഒക്കുപ്പൻസി നൽകിയ കെട്ടിടങ്ങളിന്മേൽ സെക്രട്ടറി പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തണം. അനധികൃത കൂട്ടിച്ചേർക്കലുകൾ, മാറ്റം വരുത്തൽ, വിപുലീകരണം,

ഉപയോഗമാറ്റം എന്നിവ വരുത്തിയിട്ടുണ്ടോയെന്നറിയാനാണ് ഇപ്രകാരം പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തേണ്ടത്. പ്രസ്തുത ചട്ടത്തിൽ ഒഴിവാക്കിയിട്ടുള്ള (രണ്ട് നിലവരെയുള്ള റെസിഡൻഷ്യൽ കെട്ടിടങ്ങൾ, 50 എം സ്ക്വയർ വരെയുള്ള കൊമേഴ്ഷ്യൽ കെട്ടിടങ്ങൾ മുതലായവ) കെട്ടിടങ്ങൾ ഒഴികെയുള്ള കെട്ടിടങ്ങളിന്മേൽ ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകി 2 വർഷത്തിൽ ഒരിക്കലെങ്കിലും പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തണം. ചട്ടപ്രകാരം പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തിയാൽ നികുതി നിർണ്ണയത്തിന് ശേഷം നടന്നിരിക്കാൻ സാധ്യതയുള്ള കൂട്ടിച്ചേർക്കലുകൾ, ഉപയോഗക്രമ മാറ്റം തുടങ്ങിയവയൊക്കെ കണ്ടെത്താൻ സാധിക്കുന്നതും ആയതിനനുസരിച്ച് നികുതി പുനർനിർണ്ണയം നടത്താൻ സാധിക്കുന്നതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിൽ പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തുന്നില്ല.

സേവന ഉപനികുതി

ശുചിത്വപരിപാലനം, ജലവിതരണം, മാലിന്യനിർമ്മാർജ്ജനം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നീ സേവനങ്ങൾ ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം ആവശ്യമുള്ള പക്ഷം പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതുമാണ്. എന്നാൽ നിലവിൽ ഗ്രാമപഞ്ചായത്തിൽ സേവന ഉപനികുതി ഈടാക്കുന്നതിനായി തീരമാനമെടുത്തിട്ടില്ല.

തൊഴിൽ നികുതി

തൊഴിൽനികുതി രജിസ്റ്റർ പ്രകാരം തൻവർഷം തൊഴിൽ നികുതിയുടെ ഡിമാന്റിന്റെ നൂറ് ശതമാനവും പിരിവ് വന്നിട്ടുണ്ട്. എന്നാൽ ഡിമാന്റ് പൂർണ്ണമല്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഒന്നിലധികം ജീവനക്കാർ ജോലി ചെയ്യുന്ന പല സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതായി കാണുന്നില്ല. ഖണ്ഡിക 1-12 കാണുക. മേൽ സ്ഥാപനങ്ങളിൽ ഫീൽഡ് പരിശോധന നടത്തി തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വയം തൊഴിലിൽ ഏർപ്പെട്ടവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, എഞ്ചിനിയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, റേഷൻ കട വ്യാപാരികൾ, സ്വകാര്യ സ്കൂൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

വാണിജ്യ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും ട്രേഡ് ലൈസൻസ് എടുക്കുന്നുണ്ട് എന്നും, തൊഴിൽ നികുതി പരിധിയിൽ വരുന്നുണ്ട് എന്നും ഉറപ്പ് വരുത്തേണ്ടതാണ്.

വാടക

വാർഷിക ധനകാര്യ പത്രിക പ്രകാരം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വാടക മുഴുവനായും പിരിച്ചെടുത്തിട്ടുണ്ട്. വാടകയിൽ മുൻ വർഷത്തെ തുകയിന്മേൽ 5% വർദ്ധനവ് വരുത്തി പുനർനിശ്ചയിച്ചിട്ടുണ്ട്.

വരുമാന സ്രോതസ്സ്

പെരിയാർ നദി കടന്നു പോകുന്ന കീരമ്പാറ പഞ്ചായത്തിൽ മുൻകാലങ്ങളിൽ മണൽ വാരൽ ഉണ്ടായിരുന്നപ്പോൾ പഞ്ചായത്തിന് ഈ ഇനത്തിൽ നല്ലൊരു വരുമാനം ലഭ്യമായിരുന്നു. നിലവിൽ മണൽ വാരലിനു നിരോധനം ഏർപ്പെടുത്തിയിട്ടുള്ളതിനാൽ നദിയിൽ വൻതോതിൽ മണൽ അടിഞ്ഞുകൂടിയിട്ടുണ്ട്. ആയത് വാരുന്നതിന് സർക്കാർ തലത്തിൽ അനുമതി ലഭ്യമാവുകയാണെങ്കിൽ പഞ്ചായത്തിന് തനതുവരുമാന വർദ്ധനവിന് മുതൽക്കൂട്ടാകുന്നതാണ്.

വിനോദ സഞ്ചാരമേഖലയിൽ നിരവധി പ്രാദേശിക സ്രോതസ്സുകൾ നിലവിലുണ്ട്. ആയത് പൂർണ്ണമായും ഉപയോഗപ്രദമാക്കുന്നതിനാവശ്യമായ പ്രൊജക്ടുകൾ രൂപീകരിക്കാൻ ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്. ടൂറിസത്തിന് ഉതകുന്ന നിരവധി സങ്കേതങ്ങൾ ഗ്രാമപഞ്ചായത്തിൽ ഉണ്ടായിരിക്കെ അത് പ്രയോജനപ്പെടുത്തി തനതുവരുമാനം വർദ്ധിപ്പിക്കേണ്ടതാണ്.

നിലവിൽ ഗ്രാമപഞ്ചായത്തിന്റെ പ്രാദേശിക/പാരിസ്ഥിതിക അവസ്ഥയ്ക്കനുസരിച്ച് വരവുകൾ

ലഭ്യമാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. ഭാവിയിൽ പ്രാദേശിക/പാരിസ്ഥിതിക അവസ്ഥയ്ക്കനുസരിച്ച് വരവുകൾ ലഭ്യമാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കേണ്ടതും ആയത് പ്രകാരം തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്യേണ്ടതും ഭരണ സമിതിക്ക് ശുപാർശകൾ നൽകേണ്ടതുമാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. വസ്തു നികുതി പരിഷ്കരണത്തിനായി ജീവനക്കാരെ നിയമിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതും കെട്ടിടങ്ങളുടെ നികുതി എത്രയും വേഗം സഞ്ചയയിൽ പുനർ നിർണ്ണയിച്ച് ഈടാക്കേണ്ടതുമാണ്.

2. ഫീൽഡ്തല പരിശോധനയിലൂടെ അനധികൃത നിർമ്മാണങ്ങളെ പ്രാരംഭഘട്ടത്തിൽ തന്നെ തിരിച്ചറിഞ്ഞ് നടപടി സ്വീകരിച്ച്, നിർമ്മാണം പൂർത്തീകരിച്ചതിന് ശേഷമുണ്ടാകാനിടയുള്ള സങ്കീർണ്ണതകൾ ഒഴിവാക്കേണ്ടതാണ്. വാർഡ് അടിസ്ഥാനത്തിൽ അനധികൃത നിർമ്മാണങ്ങൾ റിപ്പോർട്ട് ചെയ്യാനായി ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തേണ്ടതും ഇക്കാര്യം ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

3. ഗ്രാമപഞ്ചായത്തിൽ യുക്തമായ സ്ഥലങ്ങളിൽ സേവന ഉപനികുതി ഏർപ്പെടുത്തി നികുതി വരുമാനം വർദ്ധിപ്പിക്കാവുന്നതാണോ എന്ന് പരിശോധിക്കാവുന്നതാണ്.

4. തൊഴിൽ നികുതിഡിമാന്റ് നൂറ് ശതമാനം കൈവരിക്കുന്നതിന് ഫീൽഡ് പരിശോധന നടത്തി പഞ്ചായത്ത് പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളെയും ജീവനക്കാരെയും തൊഴിൽ നികുതി പരിധിയിൽ കൊണ്ടുവരേണ്ടതാണ്.

5. വാണിജ്യ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും ട്രേഡ് ലൈസൻസ് എടുക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

6. നികുതികളുടെ കാര്യത്തിൽ സ്ഥാപനത്തിൽ നിലനില്ക്കുന്ന പോരായ്മകൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

7. വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി നടത്തുന്ന ഫീൽഡ് പരിശോധന പരമാവധി പ്രയോജനപ്പെടുത്തി എല്ലാ മേഖലയിലുമുള്ള പഞ്ചായത്തിന്റെ തനത് വരുമാനം കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-12 തൊഴിൽ നികുതി - അപാകതകൾ

ഗ്രാമപഞ്ചായത്തിലെ 2022-23 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു. പ്രസ്തുത അപാകതകൾക്ക് വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (12/23.11.2023)മറുപടി ലഭ്യമാക്കിയില്ല.

1)തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുടെയും, സ്ഥാപനങ്ങളുടെയും, കരാറുകാർ, റേഷൻകട വ്യാപാരികൾ, സ്വകാര്യ ഡോക്ടർമാർ, അഭിഭാഷകർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങിയ തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായവരുടെയും വാർഡ് തിരിച്ചുള്ള സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കിയിട്ടില്ല. ആയത് തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. നിലവിൽ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ പഞ്ചായത്തിൽ തൊഴിൽ നികുതി ഒടുക്കിയ സ്ഥാപനങ്ങളുടെ വിവരങ്ങൾ മാത്രമാണ് ചേർത്തിട്ടുള്ളത്. ആയതിനാൽ തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ ജീവനക്കാരിൽ നിന്നുള്ള തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാണോയെന്ന പരിശോധന സാധ്യമായിട്ടില്ല.

2)താഴെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയതായി തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ആയത് ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | ഓണാട്ടുപറമ്പിൽ ഫുഡ് & ബിവറേജസ് | I & II |
| 2 | ടോഡി ഷോപ്പ് നം.16 | I & II |
| 3 | ഡാൽമിയ സിമന്റ്സ് | I & II |

| | | |
|---|---|---|
| 4 | APCOS , നാട്ടകാണി | I & II |
| 5 | പ്രൈവറ്റ് ഹോസ്പിറ്റൽ | I & II |
| 6 | APCOS , പുന്നേക്കാട് | I & II |

3)താഴെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിലെ Institution Tax ഈടാക്കിയതായി തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ആയത് ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | മുത്തൂറ്റ് ഫിൻകോർപ്പ് | I |
| 2 | കാത്തലിക് സിറിയൻ ബാങ്ക് | II |
| 3 | കീരംപാറ SCB LTD E.214 | I & II |
| 4 | സെന്റ് ജോസഫ് എച്ച്.എസ്, വെളിയേൽച്ചാൽ | II |
| 5 | കീരമ്പാറ ക്ഷീരോല്പാദക സഹകരണസംഘം | I & II |
| 6 | APCOS , പുന്നേക്കാട് | I & II |

4)താഴെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ സ്ഥാപന തൊഴിൽനികുതി ഈടാക്കിയതായി തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും റിട്ടേൺ പത്രികകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയത് ഓഡിറ്റിന് ഹാജരാക്കണമെന്നാവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല. ആയതിന്റെ പകർപ്പ് ഓഡിറ്റിന് ഹാജരാക്കേണ്ടതും സ്ഥാപനങ്ങൾ നൽകുന്ന തൊഴിൽനികുതി റിട്ടേൺ പത്രികകൾ കൃത്യമായി ഫയലിൽ സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | വെൽകെയർ മെഡിക്കൽ സെന്റർ | I & II |
| 2 | വിർഗോ ഇൻഡസ്ട്രീസ് | I |
| 3 | Kalipso ECE Lodges And Camps Ltd | I |
| 4 | ടോഡി ഷോപ്പ് നം.11 | I & II |

5)'തപോവൻ ഗ്രീൻ കൗണ്ടി റിസോർട്ട് ' എന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ ആകെ വരുമാനം തെറ്റായി കണക്കാക്കിയതിൽ തൊഴിൽ ഈടാക്കിയതിൽ കുറവ് വന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ജീവനക്കാരന്റെ പേര് | അർദ്ധവാർഷിക വരുമാനം(റിട്ടേൺ പത്രികയിൽ രേഖപ്പെടുത്തയിരിക്കുന്നത്) | | | | | | കണക്കാക്കേണ്ടിയിരുന്നത് | | കുറവ് |
|---|---|---|---|---|---|---|---|---|---|---|
| | | അടിസ്ഥാന ശമ്പളം | ക്ഷാമ ബത്ത | മറ്റ് അലവൻസുകള | ബോണസ്/ ഉത്സവബത്ത | ആകെ തുക | ഈടാക്കിയ നികുതി | ആകെ തുക | ഈടാക്കേണ്ടി യിരുനന നികുതി | |
| 1 | സുഷമ മേരി ജേക്കബ് | 72000 | 6000 | 18000 | 6000 | 96000 | 750 | 102000 | 1000 | 250 |
| 2 | പ്രകാശൻ | 60000 | 6000 | 9000 | 3000 | 72000 | 600 | 78000 | 750 | 150 |
| 3 | വിനോദ് | 60000 | 6000 | 9000 | 3000 | 72000 | 600 | 78000 | 750 | 150 |
| 4 | ബിനീഷ് പി.എം | 63000 | 27000 | 1575 | 6000 | 70575 | 600 | 97575 | 750 | 150 |
| 5 | ജോബിൻ ജോസഫ് | 63000 | 27000 | 1575 | 6000 | 70575 | 600 | 97575 | 750 | 150 |
| ആകെ കുറവ് | | | | | | | | | | 850 |

രണ്ട് അർദ്ധവർഷത്തെയും ആകെ വരുമാനം മേൽ ചേർത്ത പ്രകാരം കണക്കാക്കിയതിനാൽ തൊഴിൽ നികുതി ഇനത്തിൽ ₹1700/-( 850*2) കുറവ് വന്നിട്ടുണ്ട്. കുറവായി ഈടാക്കിയ തൊഴിൽ നികുതി പ്രസ്തുത ജീവനക്കാരിൽ നിന്നും ഈടാക്കി രസീതിന്റെ പകർപ്പ് സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 ലേലം തുടർനടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്

1) കീരമ്പാറ ഗ്രാമപഞ്ചായത്തിന് ഓഫീസ് കോമ്പൌണ്ടിലെ 3 മരുത്, ഒരു വാക, ഊഞ്ഞാപ്പാറ മൃഗാശുപത്രിയിലെ ഞാവലിന്റെ വിറക്, പാലമറ്റം ഗവ.എൽ.പി സ്കൂളിന് സമീപത്തെ തേക്ക് എന്നീ മരങ്ങൾ മുറിച്ചു നീക്കുന്നതിന് 20.09.2022 തീയതി പി.3.287/22 നമ്പറായി സോഷ്യൽ ഫോറസ്ട്രിയിൽ നിന്നും വാല്യുവേഷൻ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 28.11.2022 തീയതിയിൽ ലേലം നടത്തിയിരുന്നു. ആയതിൽ കീരമ്പാറ ഗ്രാമപഞ്ചായത്തിന്റെ ഓഫീസ് കോമ്പൌണ്ടിലെ 3 മരുത്, വാക എന്നീ മരങ്ങൾ ലേലത്തിൽ പോകാത്ത സാഹചര്യത്തിൽ അപകടകരമായ സാഹചര്യം ഒഴിവാക്കുന്നതിനായി

വൃക്ഷങ്ങൾ വെട്ടിമാറ്റാൻ തയ്യാറുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നതിന് 14.12.2022 തീയതിയിൽ പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട് (തീരുമാനം നം.33(1)). ആയതിന്റെ തുടർനടപടി വിവരങ്ങൾ രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(19/24.11.2023) 14.12.2022 ലെ കമ്മിറ്റി തീരുമാനം പ്രകാരം അപേക്ഷ ക്ഷണിച്ചതിൽ ആരും അപേക്ഷ നല്കാത്തതിനാൽ 26.10.2023 ലെ 14(1) നമ്പർ തീരുമാന പ്രകാരം മേൽ മരങ്ങൾ വെട്ടിമാറ്റി അപകടാവസ്ഥ ഒഴിവാക്കുന്നതിന് വീണ്ടും ക്വട്ടേഷൻ ക്ഷണിച്ചിട്ടുള്ളതായി(നോട്ടീസ് നം: JC3-1429/2022 തീയതി: 23.11.2023) മറുപടി ലഭിച്ചു. മരങ്ങൾ അപകടാവസ്ഥയിലാണെന്ന് പറയുമ്പോഴും പഞ്ചായത്ത് കെട്ടിടത്തിന് ഭീഷണിയായി നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റുന്നതിന് തുടർനടപടി സ്വീകരിച്ചത് ഒരു വർഷത്തിനു ശേഷമാണ്. തുടർനടപടി വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

2) കീരമ്പാറ ഗ്രാമപഞ്ചായത്ത് II-ാം വാർഡിലെ ഷെൽറ്റർ സെന്റർ പൊളിച്ചു നീക്കുന്നതിന് 17.06.2022 തീയതി നടത്തിയ ലേലത്തിൽ, കൂടിയ തുകയായ 105000/- രൂപയ്ക്ക് ലേലം വിളിച്ച ശ്രീ.ഷാജി ഫ്രാൻസിസ് ടി കെട്ടിടത്തിന്റെ മുകൾഭാഗം പൊളിച്ചുനീക്കിയിട്ടുള്ളതാണ്. തറയുടെ ബാക്കി ഭാഗവും പൊളിച്ചതിന്റെ അവശിഷ്ടങ്ങളും ടി ഭാഗത്ത് ബാക്കിയുണ്ട്. ലേലത്തിൽ നിന്നും ഒഴിവാക്കുന്നതിനുള്ള ടിയാന്റെ അപേക്ഷ പ്രകാരം ലേലത്തുക പൂർണ്ണമായും അടവാക്കിയതിനാലും, പഞ്ചായത്തിന് സാമ്പത്തിക നഷ്ടം ഇല്ലാത്തതിനാലും ടിയാളെ ഒഴിവാക്കുന്നതിനും പൊളിച്ചു നീക്കിയ ടി കെട്ടിടത്തിന്റെ നല്ലൊരു ഭാഗം തറയും കല്ലുകളും മണ്ണും ബാക്കി നിൽക്കുന്നതിനാൽ ആയത് പുതിയതായി ലേലം ചെയ്ത് നൽകാവുന്നാണെന്നും 14.07.2022 തീയതിയിൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട് (തീരുമാനം നം.4(1)). ആയതിന്റെ തുടർ നടപടി വിവരങ്ങൾ ലഭ്യമാക്കുന്നതിലേക്കായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(19/24.11.2023) ശ്രീ.ഷാജി ഫ്രാൻസിസ് കോതമംഗലം മുൻസിഫ് കോടതിയിൽ ലേലത്തിൽ അടവാക്കിയ മുഴുവൻ തുകയും തിരികെ ലഭിക്കുന്നതിനായി OS No.128/2022 ആയി സിവിൽ കേസ് പഞ്ചായത്തിന് എതിരായി നൽകിയിട്ടുണ്ടെന്നും ആയതിന്റെ ഫൈനൽ ജഡ്ജ്മെന്റ് വരുന്ന മുറയ്ക്ക് മാത്രം തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. പ്രസ്തുത കേസിന്റെ വിധി വരുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കേണ്ടതും ആയത് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

3)കീരമ്പാറ ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ അപകടകരമായി നിൽക്കുന്ന മരങ്ങൾ മുറിച്ചു മാറ്റുന്നതിനുള്ള 22.06.2022 തീയതിയിൽ നടന്ന പുനർലേലം കൈക്കൊണ്ട ശ്രീ.ഷാജി ഫ്രാൻസിസ് ടി ലേലത്തിൽ നിന്നും പിൻമാറിയതിനെത്തുടർന്ന് ആയത് വെട്ടിമാറ്റാൻ അപേക്ഷ സ്വീകരിച്ചതില്, കൂടിയ തുക(₹19250/-) രേഖപ്പെടുത്തിയ ശ്രീ.ജെറിൻ ജെയിംസ്, പാലമൂട്ടിൽ എന്നയാളുടെ അപേക്ഷ 30.01.2023 തീയതിയിലെ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിരുന്നു (തീരുമാനം നം.10(1)). ₹19250/- ടിയാൻ 1220102445/06.02.2023 രസീത് പ്രകാരം പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയുടെ വിവരങ്ങൾ ലേല രജിസ്റ്ററിൽ രേഖപ്പെടുത്താത്തതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തെതുടർന്ന്(19/24.11.2023) പ്രസ്തുത തുക ലേല രജിസ്റ്ററിൽ രേഖപ്പെടുത്തി ഓഡിറ്റിന് ഹാജരാക്കി. പഞ്ചായത്ത് നടത്തുന്ന എല്ലാ ലേലം/ക്വട്ടേഷൻ സംബന്ധിച്ച വിവരങ്ങൾ ലേല രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും വർഷാവസാനം വരവ് തുകയുടെ സംക്ഷിപ്തം രേഖപ്പെടുത്തി വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

1-14 വനം വകുപ്പിന്റെ വഴി ഉപയോഗിക്കുന്നതിനുള്ള NOC ഇല്ലാതെ പെർമ്മിറ്റ് അനുവദിച്ചു.

കോതമംഗലം താലൂക്ക് കീരംപാറ വില്ലേജ് റീസർവ്വേ നമ്പർ - R-526/1/10 സ്ഥലത്ത് സ്പെഷ്യൽ റെസിഡെൻഷ്യൽ ആവശ്യത്തിന് 158.82 ച.മീ വിസ്തീർണ്ണത്തിൽ കെട്ടിടം നിർമ്മിക്കുന്നതിന് ജയേഷ്.വി.ആർ, വട്ടപ്പറമ്പിൽ, കറുകടം, കറുകടം.പി.ഒ എന്നയാൾക്ക് 27-12-2022 ലെ JC2-BA(410436)/2022 നമ്പർ പെർമ്മിറ്റ് പ്രകാരം അനുവാദം നൽകിയിട്ടുണ്ട്. പ്ലാൻ പ്രകാരം ഫോറസ്റ്റ് റോഡിലൂടെ മാത്രമാണ് കെട്ടിടത്തിന് പ്രവേശനമുള്ളത്. വനം വകുപ്പിന്റെ വഴി ഉപയോഗിക്കുന്നതിനുള്ള NOC ഫയലിൽ കാണുന്നില്ല. എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനിയറുടെ 3-12-2022 ലെ നോട്ടിൽ ടി NOC ഹാജരാക്കിയിട്ടില്ല എന്ന് ന്യൂനത ആയി രേഖപ്പെടുത്തിയിട്ടുണ്ട്. മേൽ NOC ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണെന്നും അല്ലാത്ത പക്ഷം മേൽ NOC ഇല്ലാതെ കെട്ടിടനിർമ്മാണത്തിന് പെർമ്മിറ്റ് അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നും സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (28/25-11-2023) നൽകിയെങ്കിലും മറുപടിയോ ടി NOC യോ ലഭ്യമായില്ല. ടി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. എൻ.ഒ.സി ലഭിക്കാത്തപക്ഷം മേൽ പെർമ്മിറ്റ് അനുവദിച്ചത് നിയമാനുസൃതമാണോ എന്ന് പരിശോധിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-15 ദേശാടന പക്ഷികൾ തങ്ങുന്ന ജലാശയങ്ങൾക്ക് സമീപം പൌൾട്രി ഫാമിന് പെർമ്മിറ്റ് അനുവദിച്ചു

2012 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 3(4) പ്രകാരം ദേശാടന പക്ഷികൾ തങ്ങുന്ന ജലാശയങ്ങളായി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള സ്ഥലത്തിന് നാല് കിലോമീറ്റർ ചുറ്റളവിനുള്ളിൽ യാതൊരാളും ഒരു പൌൾട്രി ഫാം നടത്തുകയോ പൌൾട്രിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെടുകയോ ചെയ്യുവാൻ പാടുള്ളതല്ല. കോതമംഗലം താലൂക്കിൽ

കുട്ടമംഗലം വില്ലേജിൽ റിസർവ്വേ നമ്പർ S-668 ഭൂമിയിൽ പൌൾട്രി ഫാം നിർമ്മാണത്തിന് എൽദോസ് പൈലി എന്ന വ്യക്തിക്ക് 5-4-2022 ലെ A4-BA(116870)/2022 നമ്പർ പെർമിറ്റ് മുഖേന അനുവാദം നൽകുകയും നിർമ്മാണം പൂർത്തിയാക്കി 5/258/A എന്ന കെട്ടിട നമ്പർ നൽകുകയും ചെയ്തിട്ടുണ്ട്. പ്ലാൻ പ്രകാരം ചീകോട് ജംഗ്ഷനിൽ നിന്നും 100 മീറ്റർ അകലത്തിലായാണ് ഈ പ്ലോട്ട് സ്ഥിതി ചെയ്യുന്നത്. അതായത് തട്ടേക്കാട് പക്ഷി സങ്കേത കേന്ദ്രം സ്ഥിതി ചെയ്യുന്ന ജലാശയത്തിന്റെ സമീപം ടി പക്ഷി സങ്കേതത്തിൽ നിന്നും 4 കി.മീ നുള്ളിലാണ് പ്ലോട്ട്. കീരംപാറ ഗ്രാമപഞ്ചായത്ത് സെക്രട്ടറി കീരംപാറ വില്ലേജ് ഓഫീസർക്കയച്ച 18-1-2023 ലെ ജെ.സി.2 – 2456/22 നമ്പർ കത്തിൽ തട്ടേക്കാട് പക്ഷി സങ്കേത്തിന്റെ അതിർത്തി സംബന്ധിച്ച് വ്യക്തമായ രേഖകൾ ലഭ്യമല്ലെന്നും ഗ്രാമപഞ്ചായത്തിലെ 1, 2, 3, 4, 5, 6 വാർഡുകളിലെ പ്രദേശങ്ങൾ പക്ഷിസങ്കേതത്തോട് ചേർന്ന് സ്ഥിതി ചെയ്യുന്നുണ്ടെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. കീരംപാറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 20-11-2023 ലെ 400641/PSDT03 /GPO/2023/2566/(1) നമ്പർ കത്തിൽ പൌൾട്രി ഫാം നടത്തുന്നതിനുള്ള 5 അപേക്ഷകളിന്മേൽ ഇവ തട്ടേക്കാട് പക്ഷി സങ്കേതത്തിന് സമീപം ദേശാടന പക്ഷികൾ തങ്ങുന്ന ജലാശയങ്ങളായി പ്രഖ്യാപിച്ചിട്ടുള്ള സ്ഥലങ്ങളിൽ നിന്നും കീരംപാറ ഗ്രാമപഞ്ചായത്തിലുൾപ്പെടുന്ന പ്രദേശങ്ങളിലേക്ക് ദൂരപരിധി നിശ്ചയിച്ചിട്ടുള്ളതിൽ സ്പഷ്ടീകരണം ലഭ്യമാക്കണമെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മേൽ സൂചിപ്പിച്ച കെട്ടിടത്തിന്റ വിവരങ്ങൾ ആയതിൽ രേഖപ്പെടുത്തിയിട്ടില്ല. ഈ കെട്ടിടത്തിനെ വിവരങ്ങൾ സൂചിപ്പിച്ചും മേൽപ്രകാരം വ്യക്തത വരുത്തേണ്ടതാണ്. ലൈസൻസ് രേഖകൾ പ്രകാരം ഈ കെട്ടിടത്തിലെ പൌൾട്രി ഫാമിന് ലൈസൻസ് അനുവദിച്ചിട്ടില്ല. ഈ കെട്ടിടം ഉൾപ്പടെ ലൈസൻസ് അനുവദിക്കപ്പെടാത്തതും അനുവദിച്ചതുമായ ഗ്രാമപഞ്ചായത്തിലെ എല്ലാ പൌൾട്രി ഫാമുകളിലും അന്വേഷണം നടത്തി അവ തട്ടേക്കാട് പക്ഷി സങ്കേതത്തിനു സമീപം 4 കി.മീ ക്ക് ഉള്ളിൽ സ്ഥിതി ചെയ്യുന്നതെന്ന് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. ലൈസൻസ് അനുവദിക്കപ്പെടാതെ പൗൾട്രി ഫാമുകൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് വിശദമായി പരിശോധിച്ച് അവക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതാണ്. തട്ടേക്കാട് പക്ഷി സങ്കേതത്തിന് സമീപം ദേശാടന പക്ഷികൾ തങ്ങുന്ന ജലാശയങ്ങളായി പ്രഖ്യാപിച്ചിട്ടുള്ള സ്ഥലങ്ങളിൽ നിന്നും കീരംപാറ ഗ്രാമപഞ്ചായത്തിലുൾപ്പെടുന്ന പ്രദേശങ്ങളിലേക്ക് ദൂരപരിധി നിശ്ചയിക്കുന്നതിന് സർക്കാരിൽ നിന്നും നിർദ്ദേശം ലഭിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്തിന് സ്വീകരിക്കാവുന്നതാണ്. നാളിത് വരെയും ആയത് ചെയ്യാതെ ടി പക്ഷിസങ്കേതത്തിന് സമീപം പെരിയാറിന്റെ തീരത്തോട് ചേർന്ന് പൗൾട്രി ഫാമുകളെ പ്രവർത്തിപ്പിക്കാനനുവദിക്കുന്നത് പഞ്ചായത്തിന്റെ ഭാഗത്ത് നിന്ന് ഈ വിഷയത്തിലുള്ള ശ്രദ്ധക്കുറവാണ്. വിഷയത്തിൽ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-16 ജി.എസ്.ടി ഉൾപ്പെടാത്ത ബിൽ മുഖേന വാങ്ങൽ നടത്തി

| | |
|---|---|
| പ്രൊജക്റ്റിന്റെ പേര് | അംഗൻവാടികൾക്ക് ഫർണ്ണീച്ചറുകളും പാത്രങ്ങളും |
| പ്രൊജക്റ്റ് നമ്പർ | S0133/23 |
| നിർവ്വഹണം | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ | ₹170000/-(മെയിന്റനൻസ് ഫണ്ട് - റോഡിതരം) |
| ചെലവ് | ₹166040/-(മെയിന്റനൻസ് ഫണ്ട് - റോഡിതരം) |
| ബിൽ നമ്പർ/ തീയതി, തുക | 275/18-3-2023 , ₹166040/- |

പ്രൊജക്റ്റ് പ്രകാരം കുറവ് ടെണ്ടർ ക്വാട്ട് ചെയത സുഗന്ധരാജ് കെ എന്നയാളുടെ എസ്.കെ എന്റർപ്രൈസസ് എന്ന സ്ഥാപനത്തിൽ നിന്നും ഫർണ്ണീച്ചറുകളും പാത്രങ്ങളും വാങ്ങിയിട്ടുണ്ട്. 17-1-2023 ലെ ബിൽ നമ്പർ 1 മുഖേന ₹96200 രൂപയുടേയും ബിൽ നമ്പർ 2 മുഖേന 69840 രൂപയുടേയും ഫർണ്ണീച്ചറുകൾ ലഭ്യമായിട്ടുണ്ട്. കയ്യെഴുത്ത് ബില്ലുകളായ ഇവയിൽ 32KYYPS1980R1ZX എന്ന GSTIN നമ്പർ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ജി.എസ്.ടി തുക യോ HSN കോഡോ രേഖപ്പെടുത്തിയിട്ടില്ല. മാർച്ച് മാസത്തെ ബിൽ ആണെങ്കിലും ബിൽ നമ്പർ 1, 2 ആയാണ് രേഖപ്പെടുത്തിയത്. ആയതിനാൽ ഈ തുകക്കുള്ള ജി.എസ്.ടി മേൽ സപ്ലെയർ അടവാക്കിയിട്ടുണ്ടോ എന്ന് വ്യക്തമല്ല. ജി.എസ്.ടി ഉൾപ്പെടാതെയാണോ ഈ വാങ്ങൽ ചെയ്തതെന്ന് വ്യക്തമല്ല. ജി.എസ്.ടി ഉൾപ്പെടാത്ത ബിൽ മുഖേന വാങ്ങൽ ചെയ്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (27/24-11-2023) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. ₹166040 രൂപയുടെ വാങ്ങൽ ആയിരുന്നിട്ടും ജി.എസ്.ടി രേഖപ്പെടുത്താത്ത കയ്യെഴുത്ത് ബിൽ മുഖേന വാങ്ങൽ നടത്തിയത് നിർവ്വഹണ ഉദ്യോഗസ്ഥയുടെ ഭാഗത്ത് നിന്നുണ്ടായ ശ്രദ്ധക്കുറവാണ്. ടി വാങ്ങലിനനുസൃതമായ ജി.എസ്.ടി സപ്ലെയർ അടച്ചിട്ടുണ്ടോ എന്ന് ഉറപ്പാക്കേണ്ടതാണ്. വിഷയത്തിൽ തുടർനടപടികൾ സ്വീകരിച്ച് വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്. ഇത്തരത്തിലുള്ള അപാകതകൾ ഒഴിവാക്കേണ്ടതാണ്.

## 1-17 തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ്-സർക്കാർ നിർദേശം പാലിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജായി 2022-23 സാമ്പത്തിക വർഷം ₹849457/- കേരള സംസ്ഥാന വിദ്യുത്ച്ഛക്തി ബോർഡിൽ ഒടുക്കിയിട്ടുണ്ട്. പ്രതിമാസം ശരാശരി ₹70788/- യാണ് തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ പഞ്ചായത്ത് ഒടുക്കുന്നത്. പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015 ലെ ജി2-44274/2015 ഉത്തരവ് പ്രകാരം വാർഡ് മെമ്പർ ചെയർമാനായ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കണമെന്നും കമ്മിറ്റി മൂന്ന് മാസത്തിലൊരിക്കൽ യോഗം ചേർന്ന് തെരുവ് വിളക്കുകളുടെ പ്രവർത്തനം അവലോകനം ചെയ്യേണ്ടതും ആവശ്യമായ നിർദേശങ്ങൾ നൽകേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ, ഗ്രാമപഞ്ചായത്തിൽ തെരുവ്

വിളക്കുകൾ സംബന്ധിച്ച എണ്ണം രേഖപ്പെടുത്തിയ രജിസ്റ്ററിൽ ജൂൺ 2021 ശേഷമുള്ള വിവരങ്ങൾ ഇല്ല. അപാകതകൾ വിശദീകരിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി(നം.09/23.11.2023) നൽകിയതിന് മറുപടി ലഭിച്ചില്ല. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-18 തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല

12.03.2013-ലെ സർക്കുലർ നം.65529/ഡി.സി.3/2012 ത.സ്വ.ഭ.വ. പ്രകാരം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോട് കൂടിയ ഓട്ടോമാറ്റിക്ക് തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനുള്ള സാങ്കേതിക സഹായം കെ.എസ്.ഇ.ബി നൽകുന്നതും ഇതിന് ആവശ്യമായ തുക കെ.എസ്.ഇ.ബി-യിൽ പഞ്ചായത്ത് ഒടുക്കേണ്ടതുമാണ്. എന്നാൽ മീറ്റർ ഘടിപ്പിക്കാത്ത തെരുവ് വിളക്കുകൾക്ക് വൈദ്യുതി ഉപഭോഗത്തിന്റെ അടിസ്ഥാനത്തിലല്ല മറിച്ച് തെരുവ് വിളക്കുകൾക്കായി ഉപയോഗിച്ച് വരുന്ന ബൾബുകളുടെ തരം, എണ്ണം, Burnig Hours എന്നിവയുടെ അടിസ്ഥാനത്തിൽ നിരക്ക് നിശ്ചയിച്ച് കെ.എസ്.ഇ.ബി നൽകുന്ന ബിൽ പ്രകാരമാണ് ഗ്രാമപഞ്ചായത്ത് വൈദ്യുതി ചാർജ്ജ് ഒടുക്കി വരുന്നത്. ആകസ്മിക കാരണങ്ങളാൽ പ്രവർത്തനക്ഷമമല്ലാതെ വരുന്ന തെരുവ് വിളക്കുകൾക്കും പഞ്ചായത്ത് വൈദ്യുതി ചാർജ്ജ് അടവാക്കേണ്ട സാഹചര്യം ഉണ്ടാവുന്നത് ഒഴിവാക്കുവാനും അടയ്ക്കുന്ന വൈദ്യുതി ചാർജ്ജിന്റെ കണക്കുകളിൽ കൃത്യത കൈവരിക്കുവാനും മീറ്ററിംഗ് സംവിധാനം അനിവാര്യമാണ്.
ഗ്രാമപഞ്ചായത്ത് പരിധിയിലെ എല്ലാ തെരുവ് വിളക്കുകൾക്കും മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(നം.26/24.11.2023)നൽകിയതിന് മറുപടി ലഭിച്ചില്ല. ഗ്രാമപഞ്ചായത്ത് പരിധിയിലെ എല്ലാ തെരുവ് വിളക്കുകൾക്കും അടിയന്തിരമായി മീറ്റർ സംവിധാനം ഏർപ്പെടുത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-19 വിട്ട് കിട്ടിയ ഭൂമി പോക്കുവരവ് ചെയ്ത് ആസ്തിയിൽ ഉൾപ്പെടുത്തിയിട്ടില്ല

സൗജന്യമായി ഗ്രാമപഞ്ചായത്തിന് വിട്ട് നൽകിയ സ്ഥലം വില്ലേജ് രേഖകളിൽ പോക്ക് വരവ് ചെയ്ത് ഭൂനികുതി അടയ്ക്കുകയോ സ്ഥലം പഞ്ചായത്തിന്റെ ആസ്തിയിലുൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| സ്ഥലം വിട്ട് നൽകിയ വ്യക്തിയുടെ പേര് | സ്ഥലത്തിന്റെ വിസ്തീർണ്ണം/ സർവ്വേ നമ്പർ | വിട്ട് നൽകിയ ആവശ്യം |
|---|---|---|
| ചന്ദ്രബോസ്, പുത്തൻപുരയ്ക്കൽ,കീരമ്പാറ | 1 സെന്റ് /692/2 | 9-ാം വാർഡിൽ കുടിവെള്ള പദ്ധതി നിർമ്മിക്കുന്നതിന് |

മേൽ അപാകത വിശദീകരിക്കുന്നതിന് ഓഡിറ്റ് എൻക്വയറി(നം.24/24.11.2023)മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. ഗ്രാമപഞ്ചായത്തിന് വിട്ട് നൽകുന്ന സ്ഥലം വില്ലേജ് രേഖകളിൽ പോക്ക് വരവ് ചെയ്ത് ഭൂനികുതി അടയ്ക്കേണ്ടതും,ആയത് പഞ്ചായത്തിന്റെ ആസ്തിയിലുൾപ്പെടുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-20 പൊതുടാപ്പുകളുടെ വെള്ളക്കരം-അപാകതകൾ

| | |
|---|---|
| പ്രോജക്ട് | കുടിവെള്ള വിതരണം-വാട്ടർ അതോറിറ്റിയ്ക്ക് വാട്ടർ ചാർജ്ജ് അടവാക്കൽ, 24/23 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | ₹481400/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് വിവരം | ₹481400/-(22200349/27.08.2022) |

ഗ്രാമപഞ്ചായത്ത് സെക്രട്ടറി നടപ്പിലാക്കിയ വാട്ടർ അതോറിറ്റിയുടെ വെള്ളക്കരം അടക്കൽ പദ്ധതി പ്രകാരം 2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിലെ 205 പൊതുടാപ്പുകൾക്കായി ₹481400/-രൂപ ഒടുക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകകൾ വാട്ടർ അതോറിറ്റിയുടെ കണക്കിൽ കുറവ്

ചെയ്തിട്ടുള്ള വിവരം ലഭ്യമല്ല. വാട്ടർ അതോറിറ്റിയുടെ ആഗസ്റ്റ് 2022 ലെ ഡിമാന്റ് നോട്ടീസ് പ്രകാരം ₹3,23,14,711/- രൂപ കുടിശ്ശികയുള്ളതായി കാണുന്നു. ഇതിൽ തന്നെ വലിയൊരു തുക പലിശയിനത്തിലുള്ളതാണ്.

ഗ്രാമപഞ്ചായത്തിൽ ജലജീവൻ മിഷന്റെ ഭാഗമായി കുടിവെള്ള കണക്ഷനുകൾ നൽകി വരുന്ന സാഹചര്യത്തിൽ പൊതുടാപ്പുകളുടെ ആവശ്യകത പുനർനിർണ്ണയിക്കുന്നതിന് വാട്ടർ അതോറിറ്റിയും ഗ്രാമപഞ്ചായത്തും സംയുക്ത പരിശോധന നടത്തി ഉപയോഗിക്കുന്ന യഥാർത്ഥ കുടിവെള്ള ടാപ്പുകളുടെ എണ്ണം നിശ്ചയിക്കണമെന്ന് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ഈ നിർദ്ദേശപ്രകാരം ഗ്രാമപഞ്ചായത്ത് വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിലും ഇത് സംബന്ധിച്ച പരാമർശം ഉൾപ്പെടുത്തിയിരുന്നു. തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. കുടിശ്ശിക തുക അടവാക്കാൻ പഞ്ചായത്ത് സ്വീകരിച്ച നടപടികളും, ഗ്രാമപഞ്ചായത്ത് നിലവിൽ വെള്ളക്കരം നൽകുന്ന 205 വാട്ടർ ടാപ്പുകളുടെ വാർഡടിസ്ഥാനത്തിലെ വിശദവിവരങ്ങളും ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി (നം.22/24.11.2023) മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. ഉപയോഗ ശൂന്യമായ കുടിവെള്ള ടാപ്പുകൾ റദ്ദ് ചെയ്യേണ്ടതും, ജല ജീവൻ മിഷൻ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് നിവാസികൾക്ക് ടാപ്പുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിനനുസരിച്ച് കുടിവെള്ളക്കരം പുനർനിർണ്ണയിക്കുവാൻ വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെടേണ്ടതുമാണ്. കുടിശ്ശികയുള്ള തുക വാട്ടർ അതോറിറ്റി നടപ്പാക്കുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-21 വായനശാലകൾക്ക് പത്രങ്ങളും, ആനുകാലികങ്ങളും വാങ്ങൽ – അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് | ലൈബ്രറികൾക്ക് പത്രമാസികകൾ,S0120/23 |
| അടങ്കൽ | ₹ 47970/- (വികസന ഫണ്ട് പൊതുവിഭാഗം) |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| ചെലവ് വിവരം(ബിൽ നം., തീയതി, തുക) | 1)75/28.09.22 – ₹ 3760/-<br>2)89/25.10.22 – ₹ 4390/-<br>ആകെ-8150/- |

മേൽ സൂചിപ്പിച്ച പ്രോജക്ടിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സാബു കുരുവിള സ്മാരക പബ്ലിക്ക് ലൈബ്രറി,ഒ.എൻ.വി സ്മാരക ലൈബ്രറി, പബ്ലിക്ക് ലൈബ്രറി & റീഡിംഗ് റൂം,പുന്നേക്കാട് എന്നിവക്ക് പത്രങ്ങളും, മാസികകളും വാങ്ങുവാൻ വികസനഫണ്ടിൽ നിന്നും ₹ 8150/- ചെലവാക്കിയിട്ടുണ്ട്. 19.04.22ലെ സ.ഉ. (കൈ) നം. 84/2022/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പതിനാലാം പഞ്ചവത്സര പദ്ധതിയിൽ വാർഷികപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗരേഖയിലോ 28.05.22ലെ സ.ഉ. (കൈ) നം. 115/2022/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരമുള്ള സബ്സിഡി മാർഗരേഖയിലോ ലൈബ്രറികൾക്ക് പത്രങ്ങളും, ആനുകാലികങ്ങളും വാങ്ങി നൽകുന്നതിന് നിർദേശിച്ചിട്ടില്ല. പ്രസ്തുത സബ്സിഡി മാർഗരേഖ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള ലൈബ്രറികൾക്ക് പുസ്തകങ്ങൾ വാങ്ങി നൽകുന്നതിന് മാത്രമാണ് നിർദേശം നൽകിയിരിക്കുന്നത്. വികസനഫണ്ടിൽ നിന്നും ലൈബ്രറികൾക്ക് പത്രങ്ങളും, മാസികകളും വാങ്ങുവാൻ തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി (നം.23/24.11.2023) മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച 8150/-രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-22 ഡയാലിസിസ് രോഗികൾക്കുള്ള ധനസഹായം ജില്ലാ പഞ്ചായത്തിന് വിഹിതം നൽകിയത്-വിനിയോഗ വിവരം ഇല്ല

| | |
|---|---|
| പ്രോജക്റ്റ് | കാരുണ്യ സ്പർശം ഡയാലിസിസ് രോഗികൾക്കുള്ള ധനസഹായം ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ, 116/23 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 70,750/-(വികസന ഫണ്ട്-ജനറൽ) |
| ചെലവ് വിവരം | 68122/- 1)60500/-(319/28.03.23)<br>2)7622/-(349/30.03.23) |

ഡയാലിസിസ് രോഗികൾക്കുള്ള ധനസഹായമായി എറണാകുളം ജില്ലാ പഞ്ചായത്തിന്റെ 29.12.2022 ലെ ഡി പി-13 885/22 കത്ത് പ്രകാരം 68122/-രൂപ വിഹിതമായി അടവാക്കിയിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് ഏതെല്ലാം ഗുണഭോക്താക്കൾക്ക് ഡയാലിസിസ് നടത്തി എന്ന് വ്യക്തമല്ല. അപാകത

വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി(നം.18/24.11.2023)മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. വിനിയോഗ വിവരം ലഭിക്കുന്നത് വരെ 68122/-രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

1-23 വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല(പി എം എ വൈ)

| | |
|---|---|
| പ്രോജക്ടിന്റെ പേര്, നം | പി എം എ വൈ വിഹിതം നൽകൽ, 119/23 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 278000/-(വികസന ഫണ്ട്-ജനറൽ) |
| ചെലവ് വിവരം | 276000/-(55/21.08.2022) |

പി എം എ വൈ വിഹിതമായി കോതമംഗലം ബ്ലോക്ക് പഞ്ചായത്തിന് 276000/-രൂപ നൽകിയിട്ടുണ്ട്. തുകയുടെ വിശദമായ വിനിയോഗ വിവരം ലഭ്യമായിട്ടുണ്ടോ എന്ന് അന്വേഷിച്ച് ഓഡിറ്റ് എൻക്വയറി (നം.18/24.11.2023) നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച ₹276000/-രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

1-24 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല(കേരള വാട്ടർ അതോറിറ്റി)

ഗ്രാമപഞ്ചായത്തിൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥയായി 2022-23 സാമ്പത്തിക വർഷം നടപ്പാക്കിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ഹാജരാക്കേണ്ടതാണ്.

| ക്രമ നം | പ്രോജക്റ്റ് | തുക നൽകിയ സ്ഥാപനത്തിന്റെ പേര് | അടങ്കൽ തുക | ചെലവഴിച്ച തുക(ബിൽ നം./തുക) |
|---|---|---|---|---|
| 1 | 3,7,9,12 വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടി മാറ്റി സ്ഥാപിക്കൽ,02/23 | കേരള വാട്ടർ അതോറിറ്റി | 640000/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 640000/-(186 /06.02.2023) |
| 2 | 2,6,10,11,13 വാർഡുകളിലെ പൈപ്പ് ലൈൻ നീട്ടൽ,01/23 | കേരള വാട്ടർ അതോറിറ്റി | 758300/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 758300/-(185 /06.02.2023) |
| | ആകെ | | 13,98,300 | |

മേൽപ്പറഞ്ഞ രണ്ട് പ്രോജക്ടുകളുടേയും വിനിയോഗ വിവരം അറിയിക്കുവാൻ ഓഡിറ്റ് എൻക്വയറി(നം.16/23.11.2023)മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. ആയതിനാൽ വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നത് വരെ 13,98,300/-രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

1-25 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല(എസ് എസ് കെ)

ഗ്രാമപഞ്ചായത്തിൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥയായി 2022-23 സാമ്പത്തിക വർഷം നടപ്പാക്കിയ ചുവടെ ചേർക്കുന്ന പ്രോജക്ടിന്റെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ഹാജരാക്കേണ്ടതാണ്.

| പ്രോജക്റ്റ് | തുക നൽകിയ സ്ഥാപനത്തിന്റെ പേര് | അടങ്കൽ തുക | ചെലവഴിച്ച തുക(ബിൽ നം./തുക) |
|---|---|---|---|

| | | | |
|---|---|---|---|
| എസ് എസ് കെ വിഹിതം നൽകൽ,112/23 | പ്രോജക്റ്റ് കോർഡിനേറ്റർ,എസ് എസ് കെ,എറണാകുളം | 100000(വികസന ഫണ്ട്-ജനറൽ) | 100000/-(56 /22.08.22) |
| ആകെ | | | 100000/- |

മേൽപ്പറഞ്ഞ പ്രോജക്റ്റിന്റെ വിനിയോഗ വിവരം അറിയിക്കുവാൻ ഓഡിറ്റ് എൻക്വയറി (നം.16/23.11.2023) മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. ആയതിനാൽ വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നത് വരെ 1,00,000/-രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-26 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല(ഐ കെ എം)

ഗ്രാമപഞ്ചായത്തിൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥയായി 2022-23 സാമ്പത്തിക വർഷം നടപ്പാക്കിയ ചുവടെ ചേർക്കുന്ന പ്രോജക്റ്റിന്റെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ഹാജരാക്കേണ്ടതാണ്.

| പ്രോജക്റ്റ് | തുക നൽകിയ സ്ഥാപനത്തിന്റെ പേര് | അടങ്കൽ തുക | ചെലവഴിച്ച തുക(ബിൽ നം./തുക) |
|---|---|---|---|
| ഐ കെ എം വിഹിതം നൽകൽ,114/23 | ഐ കെ എം | 50000/- (വികസന ഫണ്ട്-ജനറൽ) | 47950/-(57 /22.08.2022) |
| ആകെ | | | 47950/- |

മേൽപ്പറഞ്ഞ പ്രോജക്റ്റിന്റെ വിനിയോഗ വിവരം അറിയിക്കുവാൻ ഓഡിറ്റ് എൻക്വയറി (നം.16/23.11.2023) മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. ആയതിനാൽ വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നത് വരെ 47,950/-രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-27 ഡെപ്പോസിറ്റ് തുകകൾ മുതൽക്കൂട്ടിയിട്ടില്ല

2022-23 വർഷത്തെ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരവും, വാർഷിക ധനകാര്യ പത്രികയിലെ B-7 ഷെഡ്യൂൾ പ്രകാരവും കാലാവധി കഴിഞ്ഞ താഴെ പറയുന്ന ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല.

| ക്രമ നമ്പർ | ഇനം | തുക |
|---|---|---|
| 1 | Contractor's EMD | 64006 |
| 2 | Suppliers EMD | 27000 |
| 3 | Contractors SD | 14100 |
| 4 | Suppliers SD | 25150 |
| 5 | Bidders EMD | 30735 |
| 6 | Contractors Retention | 20868 |
| 7 | Rent Deposit | 41598 |
| 8 | Others Deposit | 3408 |
| 9 | Auction Deposit | 19700 |
| 10 | Deposit Recieved For Hall And Auditoriums | 3000 |
| 11 | Election Deposit | 29000 |

ഈ ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചതിന്റെ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കുവാൻ ഓഡിറ്റ് എൻക്വയറി (നം.10/23.10.2023) മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. വാർഷിക ധനകാര്യ പത്രികയിലെ B-7 ഷെഡ്യൂൾ പ്രകാരം നീക്കിബാക്കിയുള്ള ഡെപ്പോസിറ്റ് തുകകൾ ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-28 ക്ലബ്ബിന് വാർഷിക വരിസംഖ്യ നൽകുന്നു -ഗ്രാമപഞ്ചായത്തിന് പ്രയോജനമൊന്നും

ലഭിക്കുന്നില്ല

കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റിക്ക്(ക്രൂസ്) വാർഷിക വരിസംഖ്യയായി 2,000/-രൂപ നൽകുന്നതിന് സർക്കാർ അനുവാദം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലും കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും ഗ്രാമപഞ്ചായത്ത് കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റിയിൽ വാർഷിക വരിസംഖ്യ എന്ന ഇനത്തിൽ ഓഡിറ്റ് വർഷം ചെക്ക് നമ്പർ 148427/30.07.2022 പ്രകാരം 2000/- രൂപ അടവാക്കിയിട്ടുണ്ട്.

ക്രൂസിന്റെ ജനറൽ കൗൺസിലിലേക്കും ഡയറക്ടർ ബോർഡിലേക്കും ഉള്ള ഗ്രാമപഞ്ചായത്ത് പ്രതിനിധികളുടെ തെരഞ്ഞെടുപ്പിൽ വാർഷിക വരിസംഖ്യ അടച്ച പഞ്ചായത്തുകളിലെ ജനപ്രതിനിധികൾക്ക് മാത്രമാണ് മൽസരിക്കാൻ കഴിയുക എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നിന്നും ജനപ്രതിനിധികളാരും തന്നെ നാളിതുവരെ ക്രൂസിന്റെ ജനറൽ കൗൺസിലിലേക്കോ ഡയറക്ടർ ബോർഡിലേക്കോ മൽസരിച്ചിട്ടില്ല. കൂടാതെ കീരമ്പാറ ഗ്രാമപഞ്ചായത്ത് ഇപ്പോൾ ക്രൂസിൽ നിന്നും തെരുവു വിളക്കുകൾ വാങ്ങുകയോ തെരുവു വിളക്കുകളുടെ സ്ഥാപനത്തിലോ പരിപാലനത്തിലോ ക്രൂസിന്റെ സേവനം ആവശ്യപ്പെടുകയോ, ഉപയോഗപ്പെടുത്തുകയോ ചെയ്യുന്നുമില്ല. ഈ സാഹചര്യത്തിൽ ക്രൂസിന് വാർഷിക വരിസംഖ്യയായി എല്ലാ വർഷവും 2000/-രൂപ നൽകുന്നതു കൊണ്ട് ഗ്രാമപഞ്ചായത്തിന് യാതൊരു പ്രയോജനവും ഉണ്ടാവുന്നില്ല. ഇത്തരത്തിൽ തുക നൽകുന്നതിന്റെ കാരണം വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി (നം.21/24.11.2023) മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. ഇത്തരത്തിൽ തുക നൽകുന്നതിനെക്കുറിച്ച് ഗ്രാമപഞ്ചായത്ത് ഭരണ സമിതി പുനരാലോചിക്കേണ്ടതാണ്.

## 1-29 വരൾച്ചാ ബാധിത മേഖലകളിൽ കുടിവെള്ള വിതരണം-അപാകതകൾ

| | | |
|---|---|---|
| പ്രോജക്ട് | വരൾച്ചാ- കുടിവെള്ള വിതരണം, 23/23 | വരൾച്ചാ- കുടിവെള്ള വിതരണം, 06/23 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി | സെക്രട്ടറി |
| അടങ്കൽ | 376120/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 272000/-(വികസനഫണ്ട്) |
| ചെലവ് വിവരം | 376120/-<br>1)350000/-(26/13.06.22)<br>2)26120/-(27/13.06.22) | 38520/-(184/06.02.23) |

ഗ്രാമപഞ്ചായത്തിലെ കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ GPS സംവിധാനം ഘടിപ്പിച്ച ടാങ്കറുകളിൽ, ഗുണനിലവാരം ഉറപ്പ് വരുത്തി, വിതരണം ചെയ്യുന്നതിന് 11 ലക്ഷം രൂപ വരെ ചെലവഴിക്കുന്നതിന് 16.03.2022 ലെ സ.ഉ.(സാധാ) 652/2022/ ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. അതനുസരിച്ച് കുടിവെള്ളം വിതരണം ചെയ്യുന്നതിന് ക്ഷമതയുള്ള കരാറുകാരിൽ നിന്നും ക്വട്ടേഷൻ ക്ഷണിക്കുകയും കുറവ് തുക ക്വാട്ട് ചെയ്ത ബിനു കെ ജോർജ്ജ്, കൊട്ടാരത്തിൽ, ഭൂതത്താൻകെട്ട് എന്ന വ്യക്തിയ്ക്ക് 5000 ലിറ്ററിന്റെ ഒരു ലോഡിന് 2920/-രൂപ നിരക്കിൽ വിതരണം ചെയ്യുന്നതിന് 24.03.2021 ലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം അനുമതി നൽകുകയും ചെയ്തു. 5000 ലിറ്ററിന്റെ ടാങ്കിൽ 142 ലോഡ് കുടിവെള്ളം ഗ്രാമപഞ്ചായത്തിൽ വിതരണം നടത്തിയിട്ടുണ്ട്. ആയത് പ്രകാരം 2022 ഫെബ്രുവരി, മാർച്ച് ഈ കരാറുകാരൻ ഗ്രാമപഞ്ചായത്തിൽ കുടിവെള്ളം ചെയ്തിട്ടുണ്ട്. ആയതിന്റെ ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ദുരന്ത നിവാരണ വകുപ്പിന്റെ സർക്കുലർ നം. ഡി.എം.ബി.-2/32/2019/ഡി.എം.ഡി/20-03-2019 പ്രകാരം ജല മലിനീകരണം ഇല്ല എന്ന് ജല അതോറിററിയോ/ഭക്ഷ്യ സുരക്ഷ വകുപ്പോ സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. അപ്രകാരം സാക്ഷ്യപ്പെടുത്തലുകളില്ലാതെയാണ് കുടിവെള്ള വിതരണം നടത്തിയിരിക്കുന്നത്. വിതരണം ചെയ്യേണ്ട വെള്ളത്തിന്റെ ലബോറട്ടറി Total കോളിഫോം Count Nil/100ml ആണ്. ആയത് സാക്ഷ്യപ്പെടുത്താത്തതിനാൽ ഗുണനിലവാരമുള്ള കുടിവെള്ളമാണോ വിതരണം ചെയ്തത് എന്ന് വിശദീകരിക്കേണ്ടതാണ്.

2. ദുരന്ത നിവാരണ വകുപ്പിന്റെ സർക്കുലർ നം. ഡി.എം.ബി.-2/32/2019/ഡി.എം.ഡി/20.03.2019 പ്രകാരം, സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും കുടിവെള്ളം വിതരണം ചെയ്തതിനുള്ള തുക റിക്കപ്പ് ചെയ്ത് ലഭിക്കണമെങ്കിൽ ജില്ലാ കലക്ടറുടെ മുൻകൂർ അനുമതി ലഭ്യമാകേണ്ടതുണ്ട്. എന്നാൽ അപ്രകാരം മുൻകൂർ അനുമതി ലഭ്യമാക്കിയിട്ടില്ല.
അപാകതകൾക്ക് വിശദീകരണം നൽകുവാൻ ഓഡിറ്റ് എൻക്വയറി(നം.03/23.11.2023)മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. അപാകതകൾ പരിഹരിക്കേണ്ടതും ഗുണനിലവാരമുള്ള വെള്ളമാണ് വിതരണം ചെയ്യുന്നതെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

## 1-30 ഇ-ഓട്ടോ അപാകതകൾ

| | |
|---|---|
| പ്രോജക്ട് | ഇ-ഓട്ടോ മാലിന്യസംസ്കരണ പ്രവർത്തനങ്ങൾക്ക്,170/23 |
| അടങ്കൽ | 100000(വികസന ഫണ്ട്)<br>500000(ബ്ലോക്ക് വിഹിതം) |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| ചെലവ് വിവരം | 482741(ബിൽ നം.347/തീയതി.30.03.23) |

ഗ്രാമപഞ്ചായത്തിലെ മാലിന്യ സംസ്കരണ സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ശേഖരിക്കുന്ന മാലിന്യങ്ങൾ എം.സി.എഫിലേക്ക് എത്തിക്കുന്നതിനാണ് ഇ-ഓട്ടോ വാങ്ങുന്നതിനായി ഉദ്ദേശിച്ചത്. അതനുസരിച്ച് മാർക്കറ്റിൽ ലഭ്യമായ ഇലക്ട്രിക്ക് ഓട്ടോ Gem മുഖേനയോ, അല്ലെങ്കിൽ അനുവദനീയമായ മറ്റ് മാർഗങ്ങളിലൂടെയോ വാങ്ങുന്നതിനാണ് തീരുമാനിച്ചത്. 07.03.2023 ൽ ടെണ്ടർ ക്ഷണിക്കുകയും ചെയ്തു. ആയത് പ്രകാരം കുറവ് തുക ക്വാട്ട് ചെയ്ത കുറ്റക്കാരൻ ഗ്രീൻ പ്രൈവറ്റ് ലിമിറ്റഡ്, മാമംഗലം എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങുന്നതിന് 25.03.2023 ലെ 4(1) പ്രകാരം തീരുമാനിക്കുകയും ഈ സ്ഥാപനത്തിൽ നിന്നും ഇ-ഓട്ടോ വാങ്ങുകയും ചെയ്തു. ഈ പ്രോജക്ട് നടപ്പാക്കിയതിൽ അപാകതകളുണ്ട്.

1) സർക്കാർ സ്ഥാപനമായ KEL എന്ന സ്ഥാപനത്തിൽ നിന്നും ടെൻഡർ നടപടി ഒഴിവാക്കി വാങ്ങുന്നതിന് അനുമതി ഉള്ളതും, അടിസ്ഥാന വിലയിൽ 2% കിഴിവ് ഉള്ളതുമാണ്. എന്നാൽ ഈ സാഹചര്യം പ്രയോജനപ്പെടുത്തിയിട്ടില്ല.

2) വാഹനം പഞ്ചായത്ത് ഓഫീസിൽ ഉപയോഗപ്പെടുത്താതെ സൂക്ഷിച്ചിരിക്കുന്നതായാണ് കാണുന്നത്. ആയത് ഹരിതകർമ്മ സേനക്ക് നൽകി പദ്ധതി പ്രവർത്തനം ആരംഭിച്ചതിന്റെ വിവരം അറിയിക്കേണ്ടതാണ്.

അപാകതകൾ വിശദീകരിക്കുന്നതിന് ഓഡിറ്റ് എൻക്വയറി (നം.14/23.11.2023) മുഖേന ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭിച്ചില്ല. വാഹനം എത്രയും വേഗം പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-31 പാലിയേറ്റീവ് വാഹനത്തിന്റെ ചെലവുകൾ പദ്ധതി ചെലവിൽ നിന്നും നൽകി

| | |
|---|---|
| പ്രോജക്ട് നം. | S005/23 |
| പ്രോജക്ടിന്റെ പേര് | പാലിയേറ്റീവ് പരിചരണം |
| അടങ്കൽ, ഫണ്ട് | ₹ 6,00,000/-,<br>വികസനഫണ്ട് - പൊതുവിഭാഗം |
| ചെലവ് | ₹ 6,00,000/-, |
| ബിൽ നം./തിയതി | 7/13.05.23 - ₹ 26,647/-<br>15/25.05.23 ₹ 11,680/-<br>21/06/06.22 - ₹ 38,635/-<br>39/06.07.22 ₹ 44,120/-<br>51/02.08.22 - ₹ 38,200/-<br>64/01.09.22 - ₹ 87,477/-<br>79/01.10.22 - ₹ 93,679/-<br>97/01.11.22 - ₹ 38,514/-<br>115/02.12.22 - ₹ 38,545/-<br>150/06.01.23 - ₹ 48,875/-<br>169/01.02.23 - ₹ 48,362/-<br>221/02.01.23 - ₹ 46,517/-<br>312/27.03.23 - ₹ 38,749/- |

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ പിഎച്ച്സി |

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 29.10.2015ലെ സ.ഉ.(സാധാ.)3217/2015/ത.സ്വ.ഭ.വ. സർക്കാർ ഉത്തരവ് പ്രകാരം പാലിയേറ്റീവ് കെയറിന് വേണ്ടിയോ, ആംബുലൻസ് സർവീസിന് വേണ്ടിയോ തദ്ദേശ സ്വയംഭരണ സ്ഥാപനം വാങ്ങിയതോ, ഈ ആവശ്യങ്ങളിലേക്കായി സൗജന്യമായി ലഭിച്ചിട്ടുള്ളതോ ആയ വാഹനത്തിന്റെ വിവരം സ്റ്റോക്ക് രജിസ്റ്ററിലും, ആസ്തി രജിസ്റ്ററിലും ചേർത്ത ശേഷം പാലിയേറ്റീവ് കെയറിനും അതിന് മുടക്കം വരാത്ത രീതിയിൽ ആവശ്യമെങ്കിൽ ആംബുലൻസ് സർവീസിനും ഉപയോഗിക്കുന്നതിനായി മെഡിക്കൽ ഓഫീസർ കൺവീനറായുള്ള ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിക്ക് (എച്ച്എംസി) രേഖാമൂലം കൈമാറേണ്ടതാണ്. മെഡിക്കൽ ഓഫീസർക്ക് വാഹനത്തിന്റെ വ്യക്തിപരമായ ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതാണ്. വാഹന ഉപയോഗത്തിനുള്ള ചെലവ് എച്ച് എം സി വഹിക്കേണ്ടതാണ്. എന്നാൽ, കീരമ്പാറ പിഎച്ച്സി പാലിയേറ്റീവ് പരിചരണത്തിനായി ഉപയോഗിക്കുന്ന KL 07 CU 7387 നമ്പർ വാഹനത്തിന്റെ 2022-23 വർഷത്തെ വാഹന ഇൻഷ്വറൻസ് ചെലവ് ₹ 3,666/- (വൗച്ചർ നം. 20/14.09.22) മേൽ സൂചിപ്പിച്ച പ്രോജക്ടിൽ നിന്നും ചെലവായിട്ടുണ്ട്. കീരമ്പാറ പിഎച്ച്സി, എച്ച് എം സിയുടെ ബാങ്ക് അക്കൗണ്ടിൽ (എസ്ബിഐ ബാങ്ക് ചേലാട്- 57037857596) വാഹനത്തിന്റെ ഇൻഷ്വറൻസ് ചെലവുകൾ നടത്തുന്നതിനുള്ള ഫണ്ട് ഉണ്ടായിരുന്നിട്ടും സർക്കാർ നിർദ്ദേശം പാലിക്കാതെ പദ്ധതി ചെലവിൽ നിന്നും നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 11/23.11.23) 07.03.2019ലെ പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കുള്ള പുതുക്കിയ മാർഗ്ഗരേഖ പ്രകാരം ഇന്ധനച്ചെലവ്, ഡ്രൈവറുടെ വേതനം എന്നിവ പാലിയേറ്റീവ് കെയർ ഫണ്ടിൽ നിന്നും നൽകാം എന്നാണ് മറുപടി നൽകിയിട്ടുള്ളത്. എന്നാൽ, വാഹന ഇൻഷ്വറൻസ് ചെലവ് എച്ച്എംസി ഫണ്ടിൽ നിന്ന് തന്നെയാണ് നൽകേണ്ടത്. ഭാവിയിൽ പാലിയേറ്റീവ് പരിചരണവുമായി ബന്ധപ്പെട്ട പദ്ധതികൾ നടപ്പാക്കുമ്പോൾ വാഹനത്തിന്റെ ഇൻഷ്വറൻസ് ചെലവ് എച്ച്എംസി ഫണ്ടിൽ നിന്നും നിർവഹിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-32 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് ലഭിച്ചില്ല

| | |
|---|---|
| പ്രോജക്ട് നം. | എസ്.0004/23 |
| പ്രോജക്ടിന്റെ പേര് | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹250000.00 സംരക്ഷണ ഗ്രാന്റ് (റോഡിതരം) |
| ചെലവ് വിവരം | 49/26.07.22, ₹250000.00 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ - ഹോമിയോ |

ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങുന്നതിന് പ്രൊഫോർമ ഇൻവോയ്സ് നം. PF. 106/26.07.22 പ്രകാരം ₹ 250000 രൂപ മെസേഴ്സ് ഹോംകോയ്ക്ക് മുൻകൂർ നൽകിയിട്ടുണ്ട്. മരുന്ന് സപ്ലൈ ചെയ്യുന്നത് സംബന്ധിച്ച് മെസേഴ്സ് ഹോംകോയും നിർവ്വഹണ ഉദ്യോഗസ്ഥയുമായി 05.08.22 ൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച് താഴെ ചേർക്കുന്ന പരാമർശങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ താൽപര്യപ്പെടുന്നു.

1) മരുന്ന് സപ്ലൈ ചെയ്യുന്നതിനായി 2.5 ലക്ഷം രൂപ മുൻകൂറായി 26.07.22ന് മെസേഴ്സ് ഹോംകോയ്ക്ക് നൽകിയിട്ടുണ്ടെങ്കിലും 05.08.22 ൽ മാത്രമാണ് കരാറിൽ ഏർപ്പെട്ടിട്ടുള്ളത്.

2) മുൻകൂറായി പണം നൽകിയെങ്കിലും നാളിതുവരെ മരുന്ന് ലഭിച്ചിട്ടില്ല.

3) ഒമ്പത് മാസത്തിനകം ഹോംകോ മരുന്ന് സപ്ലൈ ചെയ്യണമെന്നും അല്ലാത്ത പക്ഷം ടി സ്ഥാപനത്തിനെതിരെ നടപടി സ്വീകരിക്കാമെന്നും കരാറിൽ വ്യവസ്ഥയുണ്ട്. എന്നാൽ പണം നൽകി പതിനാറ് മാസമായിട്ടും നാളിതുവരെ ഈ സ്ഥാപനത്തിനെതിരെ നടപടികൾ ഒന്നും തന്നെ സ്വീകരിച്ചിട്ടില്ല.

4) പണം മുൻകൂർ നൽകിയിട്ടും മരുന്നുകൾ യഥാസമയം ലഭ്യമായിട്ടില്ല. ഈ സാഹചര്യത്തിൽ രോഗികളായ ഗുണഭോക്താക്കൾക്ക് യഥാസമയം ചികിത്സ ലഭ്യമാക്കുന്നതിന് വിഘാതമായിട്ടുണ്ട് എന്ന് കാണുന്നു. യഥാസമയം മരുന്ന് ലഭ്യമാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥയും പഞ്ചായത്തിന്റെ ആരോഗ്യകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയും, നടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടില്ല. ഈ അപാകതകൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15/23.11.2023) മറുപടി ലഭിച്ചില്ല. ഈ സാഹചര്യത്തിൽ ₹ 250000/- ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-33 ക്രമീകരിക്കപ്പെടാത്ത 37.76 ലക്ഷം രൂപയുടെ നിക്ഷേപ പ്രവൃത്തികൾ

1. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് .

| ഹെഡ് കോഡ് | വർഷാരംഭത്തിൽ ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുക | ഓഡിറ്റ് വർഷത്തിൽ നിക്ഷേപിച്ച തുക | ധനവിനിയോഗ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ക്രമീകരിച്ച തുക | വർഷാവസാനം ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്നതുക |
|---|---|---|---|---|
| 460500202 | ₹18,900 | 0 | 0 | ₹18,900 |

നിക്ഷേപ പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | പ്രവൃത്തിയുടെ പേര് | വൌച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക |
|---|---|---|---|
| 2021-22 | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (എസ്.0176/22) | 33/20.12.21 | ₹18,900 |
| ആകെ | | | ₹18,900 |

2) കേരള ജലഅതോറിറ്റി

| ഹെഡ് കോഡ് | വർഷാരംഭത്തിൽ ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുക | ഓഡിറ്റ് വർഷത്തിൽ നിക്ഷേപിച്ച തുക | ധനവിനിയോഗ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ക്രമീകരിച്ച തുക | വർഷാവസാനം ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്നതുക |
|---|---|---|---|---|
| 460500201 | ₹23,77,371 | ₹13,98,300 | 0 | ₹37,75,671 |

നിക്ഷേപ പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | പ്രവൃത്തിയുടെ പേര് | വൌച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക |
|---|---|---|---|
| മുൻവർഷങ്ങളിൽ നൽകിയ തുക* | | | ₹7,39,000 |
| 21-22 | ജലജീവൻ മിഷൻ. (എസ്.17/22) | 026230/31.3.23 | ₹1,94,771 |
| 21-22 | പൈപ്പ് ലൈൻ നീട്ടൽ (എസ്.113/22) | 52100916/22.3.23 | ₹7,47,000 |
| 21-22 | പൈപ്പ് ലൈൻ നീട്ടൽ (എസ്.147/22) | 48/9.3.22 | ₹1,00,000 |
| 21-22 | പൈപ്പ് ലൈൻ നീട്ടൽ (എസ്.172/22) | 52100917/22.3.23 | ₹5,96,600 |
| 22-23 | 3,7,9,12 വാർഡുകളിലെ പൈപ്പ് ലൈൻ നീട്ടൽ, മാറ്റി സ്ഥാപിക്കൽ. (എസ്.2/23) | 186/6.2.2023 | ₹6,40,000 |
| 22-23 | 2,6,10,11,13 വാർഡുകളിലെ പൈപ്പ് ലൈൻ നീട്ടൽ (എസ്.1/23) | 185/6.2.2023 | ₹7,58,300 |
| ആകെ | | | ₹37,75,671 |

വാർഷിക ധനകാര്യപത്രിക പ്രകാരം മുൻവർഷങ്ങളിൽ ജലഅതോറിറ്റിയിൽ നിക്ഷേപിച്ച തുകകളിൽ ഇനിയും പണി പൂർത്തീകരിച്ച് മുൻകൂർ നൽകിയ തുക ക്രമീകരിക്കാതെ ₹7,39,000 ഏതെല്ലാം പ്രവൃത്തികൾക്കായി നൽകിയിട്ടുള്ളതാണെന്ന വിവരം രേഖാമൂലം ആവശ്യപ്പെട്ടിട്ടും (എൻക്വയറി നം.6/23.11.2023) ആയത് ലഭ്യമാക്കിയിട്ടില്ല.

വിവിധ പ്രവൃത്തികൾക്കായി വൈദ്യുതി ബോർഡ്, ജല അതോറിറ്റി, എന്നീ സ്ഥാപനങ്ങളിൽ നിക്ഷേപിച്ച തുകകളിൽ യഥാക്രമം ₹18,900, ₹37,75,671 (ആകെ₹37,94,571) തുകകൾക്കുള്ള പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല. പ്രവൃത്തികൾക്ക് മുൻകൂർ തുക നിക്ഷേപിക്കുമ്പോൾ നിർവ്വഹണ ഏജൻസിയുമായി കരാറിൽ ഏർപ്പെടേണ്ടതും കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ സഹിതമുള്ള ധനവിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നുണ്ട് എന്ന് ഉറപ്പാക്കേണ്ടതാണ്. ഇക്കാര്യം വികസനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റിയുടെ ശ്രദ്ധയ്ക്കായി ശിപാർശ ചെയ്യുന്നു.

## 1-34 എർത്ത് വർക്ക് എസ്കവേഷൻ-അപാകത

| | |
|---|---|
| പ്രൊജക്ടിന്റെ പേര്, നം | 52/22 അംഗനവാടി മെയിന്റനൻസ് വാർഡ്-7 |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |
| അടങ്കൽ | ₹75000/-(മെയിന്റനൻസ് ഗ്രാന്റ് (നോൺറോഡ്) |
| ചെലവ് | ₹71042/-<br>BRN-22120852083000333822 /20.07.2022 |
| കരാറുകാരൻ | ഷാജി ഫ്രാൻസീസ് |
| എം.ബുക്ക് | 543/21-22 |

കീരമ്പാറ ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണം നടത്തിയ അംഗനവാടി മെയിന്റനൻസ് വാർഡ്-7 എന്ന പ്രവ്വത്തിയിൽ ഡി.ആർ കെട്ട്, ഹാന്റ് റെയിൽ ,ടൈൽ വിരിക്കൽ എന്നിവ ഉൾപ്പെടുന്നു. എസ്റ്റിമേറ്റ് പ്രകാരം എർത്ത് വർക്ക് എസ്കവേഷൻ 4.160 എം3(8x1.3x.4) എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ അളവ് പുസ്തകം പേജ് -1 പ്രകാരം എർത്ത് വർക്ക് എസ്കവേഷൻ 11.76 എം3 രേഖപ്പെടുത്തിയിട്ടുണ്ട്. എസ്റ്റിമേറ്റിൽ വ്യക്തമാക്കിയതിലും കൂടുതൽ അളവ് എർത്ത് വർക്ക് എസ്കവേഷൻ നടത്തിയിട്ടുണ്ട്. പേജ് -1 ൽ രേഖപ്പെടുത്തിയതിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമനമ്പർ | അനുവദിച്ച അളവ് | അനുവദിക്കേണ്ട അളവ് | അധിക അളവ് |
|---|---|---|---|
| 1 | 4.5x(1.3+.502)/2x2.40=9.72 | 4.5x(1.3+.502)/2x.40=1.62 | 8.1 |
| 2 | 3.60x1.3x.40=1.87 | 3.60x1.3x.40=1.87 | - |
| 3 | .60x.70x.40=.17 | .60x.70x.40=.17 | - |
| ആകെ | 11.76 | 3.66 | 8.1 |

8.1എം3 അളവ് എർത്ത് വർക്ക് എസ്കവേഷൻ അധികം ചെയ്യാനിടയായ സാഹചര്യം വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-25/24.11.2023 ന് ലഭ്യമാക്കിയ മറുപടിയിൽ തറ നിരപ്പിൽ നിന്നും 2 മീറ്റർ ഉയർന്നാണ് സ്ഥലം സ്ഥിതി ചെയ്യുന്നതെന്നാണ്. ഇത്രയും ഉയരത്തിലും വീതിയിലും മണ്ണ് മാറ്റിയാൽ മാത്രമേ അവിടെ അടിത്തറ പണിയാൻ ആവശ്യമുള്ള DR Masonry കെട്ടാൻ സാധിക്കുകയുള്ളുവെന്ന് വ്യക്തമാക്കിയിരുന്നു. എന്നാൽ ഈ കാര്യം എസ്റ്റിമേറ്റിൽ വ്യക്തമാക്കിയിരുന്നില്ല. ഇത്തരം കാര്യങ്ങൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താതിരിക്കുന്നതിന് വ്യക്തമായ കാരണം മറുപടിയിൽ ഉൾപ്പെടുത്തിയിട്ടില്ല. 2 മീറ്റർ ഉയരത്തിൽ മാറ്റിയ മണ്ണ് വശങ്ങളിൽ ഇട്ടുവെന്ന് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിരുന്നു. ഇപ്രകാരം ലഭിക്കുന്ന മണ്ണ് കരാറുകാരൻ ഉപയോഗിക്കുന്നതിന് സാധ്യതകളുള്ളതായി കാണുന്നു. എന്നിരുന്നാലും അളവ് പുസ്തകം പേജ്-4ൽ 2 മീറ്ററിൽ കൂടുതൽ DR Masonry ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട് . ആയതിനാൽ മറുപടി അംഗീകരിക്കുന്നു. ഇത്തരം അപാകതകൾ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന സമയത്ത് തന്നെ പരിഹരിക്കേണ്ടതാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 1-35 മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാതെ തുടരുന്നു.

കീരമ്പാറ ഗ്രാമപഞ്ചായത്തിന്റെ 1990-91 മുതൽക്കുള്ള വിവിധ ഓഡിറ്റ് റിപ്പോർട്ടിലെ പല പരാമർശങ്ങളും തീർപ്പാക്കാതെ അവശേഷിക്കുന്നുണ്ട്. മുൻകാല ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനുള്ള ഒരു മാനദണ്ഡം ആകയാൽ ആയവ തീർപ്പാക്കാതെ അവശേഷിക്കപ്പെടുന്നത് പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ആശാസ്യമായ സ്ഥിതിവിശേഷം അല്ല. 1997 ലെ കേരള പഞ്ചായത്ത് രാജ് ( പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങൾ) പ്രകാരം യഥാസമയം തന്നെ ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം ഖണ്ഡിക 4-11 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയവ തീർപ്പാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്ത് കമ്മറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ / തീയതി |
|---|---|---|
| 2022-2023 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൌണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജ ക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | ₹12,600 | തരിശു നിലങ്ങളിൽ - നെൽക്യഷി (എസ്.99/23) | ₹12,600 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | ₹2,00,000 | ലൈഫ് ഭവനം എസ്.സി.പി (എസ്.49/23) | ₹2,00,000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | ₹5,00,000 | ലൈഫ് ഭവനം ജനറൽ (എസ്.48/23) | ₹5,00,000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | ₹2,00,000 | വയോജനങ്ങൾക്ക് കട്ടിൽ (എസ്.54/23) | ₹2,00,000 | |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | ₹2,03,492 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (എസ്.35/23) | ₹2,03,492 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | ₹4,82,741 | ഇ-ഓട്ടോ (എസ്.170/23) | ₹4,82,741 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | ₹3,76,072 | നാട്ടുകാണി - വെട്ടിക്കുഴപ്പടി | ₹3,76,072 | - |

| | | | | | |
|---|---|---|---|---|---|
| | | | റോഡ് കോൺക്രീറ്റ് (എസ്.87/23) | | |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | ₹50,000 | പാലിന് സബ്സിഡി (എസ്.127/23) | ₹50,000 | - |
| ആകെ | | ₹20,24,905 | | ₹20,24,905 | - |
| ജില്ലാ പഞ്ചായത്ത് | 2022-23 | ₹12,600 | തരിശു നിലങ്ങളിൽ - നെൽകൃഷി (എസ്.99/23) | ₹12,600 | - |
| ജില്ലാ പഞ്ചായത്ത് | 2022-23 | ₹1,45,216 | നെൽകൃഷി വികസനം (എസ്.51/23) | ₹1,45,216 | - |
| ജില്ലാ പഞ്ചായത്ത് | 2022-23 | ₹43,750 | ആടുവളർത്തൽ പദ്ധതി (എസ്.134/23) | ₹43,750 | - |
| ജില്ലാ പഞ്ചായത്ത് | 2022-23 | ₹55,030 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (എസ്.35/23) | ₹55,030 | - |
| ജില്ലാ പഞ്ചായത്ത് | 2022-23 | ₹70,000 | പാലിന് സബ്സിഡി (എസ്.127/23) | ₹70,000 | - |
| ജില്ലാ പഞ്ചായത്ത് | 2022-23 | ₹3,96,000 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (എസ്.167/23) | ₹3,96,000 | |
| ആകെ | | ₹7,22,596 | | ₹7,22,596 | - |

## 4-3 നിക്ഷേപ പ്രവൃത്തികളുടെ വിവരം

മരാമത്ത് പ്രവൃത്തികൾ നടത്തുന്നതിനായി ഗ്രാമപഞ്ചായത്ത് കേരള ജല അതോറിറ്റിയിൽ ഓഡിറ്റ് വർഷത്തിൽ നിക്ഷേപിച്ചിട്ടുള്ള തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുകകളുടെയും വിവരം ചുവടെ ചേർക്കുന്നു.

കേരള ജലഅതോറിറ്റി

| വർഷം | പ്രവൃത്തിയുടെ പേര് | വൌച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 22-23 | 3,7,9,12 വാർഡുകളിലെ | 186/6.2.2023 | ₹6,40,000 | - | ₹6,40,000 |

| | | | | | |
|---|---|---|---|---|---|
| | പൈപ്പ് ലൈൻ നീട്ടൽ, മാറ്റി സ്ഥാപിക്കൽ. (എസ്.2/23) | | | | |
| 22-23 | 2,6,10,11,13 വാർഡുകളിലെ പൈപ്പ് ലൈൻ നീട്ടൽ (എസ്.1/23) | 185/6.2.2023 | ₹7,58,300 | - | ₹7,58,300 |
| ഒട്ടാകെ | | | ₹13,98,300 | - | ₹13,98,300 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃസമിതികൾക്ക് ഗ്രാമപഞ്ചായത്ത് തുക നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം ലഭിച്ച തുക | ആകെ | തൻവർഷം തിരിച്ചടച്ച തുക (ഉൽഭവത്തിൽ കുറവ് ചെയ്ത തുക) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവനം നിർമ്മാണം | ₹1,42,52,000 | ₹17,60,000 | ₹1,60,12,000 | ₹25,66,545 | - | ₹1,34,45,455 |

തിരിച്ചടവിന്റെ വിവരം

| ജി.ഒ.പ്രോജക്ട് | | തുക |
|---|---|---|
| നമ്പർ | പേര് | |
| 164/23 | ലൈഫ് വായ്പ മുതൽ തിരിച്ചടവ് - എസ്.സി.പി. | ₹3,19,604 |
| 178/23 | ലൈഫ് വായ്പ മുതൽ തിരിച്ചടവ് - എസ്.സി.പി. | ₹3,19,605 |
| 163/23 | ലൈഫ് വായ്പ മുതൽ തിരിച്ചടവ് - പൊതുവിഭാഗം | ₹9,63,668 |
| 177/23 | ലൈഫ് വായ്പ മുതൽ തിരിച്ചടവ് - പൊതുവിഭാഗം | ₹9,63,668 |
| ആകെ | | ₹25,66,545 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി | ഹെഡ് ഓഫ് അക്കൗണ്ട് |
|---|---|---|---|---|---|
| 1997-98 | 24(ബി) | ₹139 | വി.കെ.ഏലിയാസ് | 1220100711/ 12.8.22 | 190100101 |
| 1997-98 | 24(ബി) | ₹216 | എം.കെ.വർഗ്ഗീസ് | 1220100712/ 12.8.22 | 190100101 |
| 1997-98 | 27(എ)1 | ₹13 | എം.കെ.പൌലോസ് | 1220100713/ 12.8.22 | 190200201 |

| | | | | | |
|---|---|---|---|---|---|
| 1997-98 | 27(എ)2 | ₹28 | സാബു കെ.എം. | 1220100714/ 12.8.22 | 190200201 |
| 1997-98 | 27(എ)3 | ₹100 | ബേസിൽ റബ്ബർ ഫാക്ടറി | 1220100715/ 12.8.22 | 190200201 |
| 1997-98 | 27(എ)4 | ₹100 | കെ.പി.ജോയ് | 1220100716/ 12.8.22 | 190200201 |
| 1997-98 | 27(ബി)1 | ₹13 | ഐപ്പ് | 1220100717/ 12.8.22 | 190200201 |
| 1997-98 | 27(ബി)2 | ₹13 | ജോസ് എം. | 1220100718/ 12.8.22 | 190200201 |
| 1997-98 | 27(ബി)3 | ₹25 | ജോസ് എം. | 1220100719/ 12.8.22 | 190200201 |
| 1997-98 | 27(ബി)4 | ₹25 | തോമസ് വർഗ്ഗീസ് | 1220100720/ 12.8.22 | 190200201 |
| 1997-98 | 27(ബി)5 | ₹1150 | ബേസിൽ റബ്ബർ ഫാക്ടറി | 1220100721/ 12.8.22 | 190200201 |
| 1997-98 | 27(ബി)6 | ₹50 | പി.വി.അഗസ്തി | 1220100722/ 12.8.22 | 190200201 |
| 1997-98 | 27(ബി)7 | ₹250 | കെ.പി.ജോയി | 1220100723/ 12.8.22 | 190200201 |
| 1997-98 | 27(സി) | ₹24 | സ്കാനിയ ഡാനിയേൽ | 1220100724/ 12.8.22 | 190200201 |
| 2003-04 | 3-3 | ₹5447 | കൃഷി ഓഫീസർ | 1220102264/ 21.1.23 | 350400999 |
| 2003-04 | 3-5(1) | ₹1047 | അസിസ്റ്റന്റ് എഞ്ചിനീയർ | 1220101435/ 9.12.22 | 190300404 |
| 2003-04 | 3-5(2) | ₹893 | അസിസ്റ്റന്റ് എഞ്ചിനീയർ | 1220101436/ 9.12.22 | 190300404 |
| 2005-06 | 2-1(എ) | ₹3480 | ഹൈസ്കൂൾ | 1220102995/ 24.03.23 | 190100102 |
| 2005-06 | 3-2 | ₹2940 | കൃഷി ഓഫീസർ | 1220102265/ 21.1.23 | 350400999 |
| 2005-06 | 3-1 | ₹431 | കൃഷി ഓഫീസർ | 1220102266/ 21.1.23 | 350400999 |
| 2006-07 | 3-2 | ₹753 | - | 1220101437/ 9.12.22 | 190300403 |
| 2006-07 | 3-3 | ₹336 | കെ.എൻ.രാജൻ | 1220100731/ 16.8.22 | 190300403 |
| 2008 -09 | 3-1 | ₹754 | - | 1220101438/ 9.12.22 | 190300403 |
| 2009-10 | 2-2(2) | ₹2500 | കെ.പി.ജോയി | 1220100984/ 29.9.22 | 190100102 |
| 2009-10 | 2-2(3) | ₹600 | വിൽസൺ ജോർജ്ജ് | 1220101442/ 9.12.22 | 190100102 |
| 2009-10 | 2-2(4) | ₹600 | വിർഗ്ഗോ ഇന്റസ്ട്രീസ് | 1220101443/ 9.12.22 | 190100102 |
| 2009-10 | 3-5(എ,ബി) | ₹1235 | - | 1220101444/ 9.12.22 | 190300404 |
| 2010-11, 2011-12 | 2-3 | ₹1150 | - | 1220100984/ 29.9.22 | 190100102 |
| 2010-11, 2011-12 | 3-1 | ₹720 | - | 1220101445/ 9.12.22 | 190300404 |
| 2014-15 | 2-1(1) | ₹150 | - | 1220101017/ 9.12.22 | 190100102 |
| 2014-15 | 2-1(6) | ₹2500 | കെ.എസ്.എഫ്.ഇ | 1220100995/ 30.12.22 | 190100102 |
| 2014-15 | 2-1(7) | ₹2500 | കെ.എസ്.ഇ.ബി. | 1220102624/ 24.02.23 | 190100102 |
| 2016-17 | 2-6(2) | ₹1200 | അപ്കോസ് നാട്ടുകാണി | 1220100986/ 30.9.22 | 190100102 |
| 2016-17 | 2-6(2) | ₹120 | അപ്കോസ് നാട്ടുകാണി | 1220100987/ 30.9.22 | 190100102 |
| 2016-17 | 2-6(3) | ₹1600 | അപ്കോസ് പുന്നേക്കാട് | 1220103217/ 31.3.23 | 192200201 |
| 2016-17 | 2-6(3) | ₹250 | അപ്കോസ് പുന്നേക്കാട് | 1220103218/ 31.3.23 | 140200107 |
| 2019-20 | 1-12(6) | ₹2500 | ബിന്ദു. കെ വർഗ്ഗീസ് | 1220102475/ 8.2.23 | 190100102 |

| | | | | | |
|---|---|---|---|---|---|
| 2019-20 | 1-12(8) | ₹1250 | ഷാജി ആന്റണി | 1220101245/ 5.11.22 | 190100102 |
| 2020-21 | 1-14(2) | ₹2500 | ബിന്ദ .കെ വർഗ്ഗീസ് | 1220102475/ 8.2.23 | 190100102 |
| 2020-21 | 1-20(3) | ₹6000 | തപോവൻ ഗ്രീൻ കൌണ്ടി | 1220102515/ 13.2.23 | 190200201 |
| 2021-22 | 1-13(4) | ₹2500 | കെ.എസ്.ഇ.ബി. | 1220000354/ 22.3.23 | 190100102 |
| ആകെ | | ₹48102 | | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-9 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്തവിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (R&P പ്രകാരം) | : | ₹2,99,25,795 |

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (R&P പ്രകാരം) | : | ₹2,71,81,286 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹21,48,522 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | ₹8,150 | ശ്രീമതി.ജയശ്രീ ആർ. സെക്രട്ടറി ഗ്രാമപഞ്ചായത്ത് . |
| 1-22 | ₹68,122 | ശ്രീമതി.ജയശ്രീ ആർ. സെക്രട്ടറി ഗ്രാമപഞ്ചായത്ത് . |
| 1-23 | ₹2,76,000 | ശ്രീമതി.ജയശ്രീ ആർ. സെക്രട്ടറി ഗ്രാമപഞ്ചായത്ത് . |
| 1-24 | ₹13,98,300 | ശ്രീമതി.ജയശ്രീ ആർ. സെക്രട്ടറി ഗ്രാമപഞ്ചായത്ത് . |
| 1-25 | ₹1,00,000 | ശ്രീമതി.ജയശ്രീ ആർ. സെക്രട്ടറി ഗ്രാമപഞ്ചായത്ത് . |
| 1-26 | ₹47,950 | ശ്രീമതി.ജയശ്രീ ആർ. സെക്രട്ടറി ഗ്രാമപഞ്ചായത്ത് . |
| 1-32 | ₹2,50,000 | ഡോ.നിർമ്മല പ്രതാപ്, മെഡിക്കൽ ഓഫീസർ ഹോമിയോ. |
| ആകെ | ₹21,48,522 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ജയശ്രീ ആർ. സെക്രട്ടറി ഗ്രാമപഞ്ചായത്ത് . | സെക്രട്ടറി, കീരമ്പാറ ഗ്രാമപഞ്ചായത്ത് | കോലത്തായിക്കോട്ടിൽ വീട്, തൃക്കാരിയൂർ പി.ഒ., കോതമംഗലം |
| ഡോ.നിർമ്മല പ്രതാപ്, മെഡിക്കൽ ഓഫീസർ ഹോമിയോ. | മെഡിക്കൽ ഓഫീസർ ഹോമിയോ. | നെട്ടുവേലിപ്പറമ്പിൽ, വെണ്ണല പി.ഒ., എറണാകുളം. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നുള്ള ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1990-91,91-92,92-93 | എൽ.എഫ്.ഇ.പി1.253/95/തീയതി :13.10.1995 |
| 1996-97 | എൽ.എഫ്.ഇ.പി1.1196/1997തീയതി :06.07.1998 |

| | |
|---|---|
| 1997-98(ചെലവ്) | എൽ.എഫ്.ഇ.പി1.1231/98തീയതി :12.05.1999 |
| 1997-98(വരവ്) | എൽ.എഫ്.ഇ.പി1.1651/99/തീയതി :05.07.2000 |
| 1998-99 മുതൽ 2001-02 വരെ | എൽ.എഫ്.ഇ.പി1.673/2004തീയതി : 08.04.2005 |
| 1999-2000 | എൽ.എഫ്.ഇ.പി.7. 09/2008 തീയതി : 09.02.2009 |
| 2001-02 | എൽ.എഫ്.ഇ.പി.7. 11/2008 തീയതി : 09.02.2009 |
| 2003-04 | എൽ.എഫ്.ഇ.പി.7. 13/2008 തീയതി : 09.02.2009 |
| 2004-05 | എൽ.എഫ്.ഇ.(പി7) 857/2010 തീയതി :04.06.2011 |
| 2005-06 | എൽ.എഫ്.ഇ.(പി7). 858/2010തീയതി :04.01.2011 |
| 2006-07 | എൽ.എഫ്.ഇ.(പി7). 191/12 തീയതി : 21.04.2012 |
| 2007-08 | എൽ.എഫ്.ഇ.(പി7). 192/12 തീയതി : 21.04.2012 |
| 2008-09 | എൽ.എഫ്.ഇ.(പി7). 193/12 തീയതി : 21.04.2012 |
| 2009-10 | എൽ.എഫ്.ഇ.(പി7). 194/12 തീയതി : 21.04.2012 |
| 2010-11, 11-12 | എൽ.എഫ്.ഇ.(പി7). 1698/13 തീയതി : 23.10.2013 |
| 2012-13, 13-14 | എൽ.എഫ്.ഇ.(പി7). 648/1 തീയതി : 08.06.15/ 22.07.15 |
| 2014-15 | കെ.എസ്.എ-ഇ.കെ.എം. (പി 7)1320/2016 തീയതി 3.8.16 |
| 2015-16 | കെ.എസ്.എ-ഇ.കെ.എം. (പി 14)177/2017തീയതി 06.02.17 |
| 2016-17 | കെ.എസ്.എ-ഇ.കെ.എം.(പി 14)1415/2017 തീയതി 26.07.17/28.09.17 |
| 2017-18 | കെ.എസ്.എ-ഇ.കെ.എം.(പി 14) 1415/2017 തീയതി 26.07.17/28.09.17 |
| 2018-19 | കെ.എസ്.എ-ഇ.കെ.എം.(പി 14) 258/2020 തീയതി 18.03.2020 |
| 2019-20 | കെ.എസ്.എ-ഇ.കെ.എം.(പി 14) 1552/2021 തീയതി 12.01.2021 |
| 2020-21 | കെ.എസ്.എ-ഇ.കെ.എം.(പി 14) 1553/2021 തീയതി 05.02.2022 |
| 2021-22 | കെ.എസ്.എ-ഇ.കെ.എം.(പി 14) 1884/2022 തീയതി 29/12/2022 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുവാൻ വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 29/1 dated 07-07-2023 and submitted on 18-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Keerampara Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Keerampara Grama Panchayat for the year 2022-2023

Date: 13/12/2023

Deputy Director
District Office Ernakulam
Kerala State Audit Department

# Audit Report appended to the Audit Certificate of Keerampara Grama Panchayat for the Year 2022-2023.

**1.Major Observations**

1. Lack of free and independent access to Accounting and all other Softwares which have direct or indirect impact on financial reports and information.
2. Lack of Panchayath Raj Budget rules adversely affecting budgetary control system.
3. The asset value shown in Balance sheet is not traceable to asset register due to unsupported design of existing asset register.
4. Non inclusion of Notes to Accounts in Financial statements and non disclosure of material facts.

**2.Other Observations**

1. The details of an amount of Rs.7623 towards advance to other accredited agencies (460500499) and the details of an amount of Rs.33120 towards other advance (460100199) are not furnished.
2. The DCB of property tax is not reconcilled with sanchaya and sankhya.

3. The balance amount of Rs.279416 as per B.7 Schedule is not reconcilled with the Deposit register.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ കീരമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്